25

# "ഒരു മനുഷ്യൻ വിതെക്കുന്നത് തന്നെ"

## 2 ശമുവേൽ 11-16; 18

പ്രപഞ്ച ഘടനയെ കുറിച്ചുള്ള തത്വങ്ങൾക്കിടയിൽ ഒരു തത്വം ഗലാത്യർ 6:7, 8-ൽ കാണാം:

> വഞ്ചനപ്പെടാതിരിപ്പിൻ, ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെക്കുന്നതു, തന്നേ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും, ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽനിന്നു നിത്യജീവനെ കൊയ്യും.

നിങ്ങൾ വിതെച്ചാൽ, നിങ്ങൾ കൊയ്യും; എന്നു വിശ്വസിക്കുക. നിങ്ങൾ അതേ തരത്തിൽ തന്നെ കൊയ്യും, നിങ്ങൾ വിതെക്കുന്നതിലധികവും കൊയ്യും. അവയാണ് വിതെക്കും കൊയ്ത്തിനും ഉള്ള നിയമങ്ങൾ - ഒരിക്കൽ നാം വിതെച്ചാൽ, പിന്നീടുള്ള നടപടികളെ നിർത്തുവാൻ നമുക്ക് സാദ്ധ്യമല്ല. അത് ഒഴിച്ചുകൂടാനാവാത്തതാണ്. "ഒരു മനുഷ്യൻ വിതെക്കുന്നതുതന്നെ, അവൻ കൊയ്യും." ഒരെഴുത്തുകാരൻ പറഞ്ഞതുപോലെ, "പാപമോചനമുണ്ട് എന്നിരുന്നാലും."

ചിലപ്പോൾ നാം കുട്ടികളിൽ ഒരു ധാരണ ഉണ്ടാക്കുന്നത് അവർ "എന്നോട് ക്ഷമിക്കേണമേ," എന്നു പറഞ്ഞാൽ അതോടെ എല്ലാം തീരുമെന്നാണ്. അല്ലെങ്കിൽ, അവർ പ്രായമാകുമ്പോൾ, അവർ ചെയ്യേണ്ടത് "എന്നോട് ക്ഷമിക്കേണമേ" എന്ന് കർത്താവിനോടു പറഞ്ഞാൽ, അത് അവർ മുൻപ് ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തതായി കരുതാമെന്നാണ്. അല്ലെങ്കിൽ, അത് "വാസ്തവത്തിൽ മോശമായ ഒരു പാപമാണ്" എങ്കിൽ, സഭ ആവശ്യപ്പെടുന്ന സമയത്ത് പ്രതികരണമായി, "എന്നോടു ക്ഷമിക്കണം" എന്നു പറയണം, അപ്പോൾ പ്രത്യാഘാതം ഉണ്ടാവുകയില്ല എന്നുമാണ്. നിങ്ങളുടെ കുട്ടികൾ പാപം ചെയ്താൽ - പാപമോചനമുണ്ട് എങ്കിലും - അതിന് അനന്തരഫലങ്ങളുണ്ട് എന്നു നിങ്ങൾ അവരോടു പറയുന്നില്ല. നിങ്ങൾക്കു രാത്രിയിൽ ശരിക്കു ഉറങ്ങാൻ സാധ്യമല്ല. ആളുകൾ നിങ്ങളെ വിശ്വസിക്കയില്ല. എന്നായാലും ഒരു കൊയ്ത്തുണ്ട്.

എന്റെ ഓഫീസിൽ പലപ്പോഴും, "അതു ന്യായമല്ല! ഞാൻ എന്റെ പങ്കാളിയോട് എന്നോടു ക്ഷമിക്കണം എന്നു പറഞ്ഞു. എന്നാൽ അവൻ (അല്ലെ

ങ്കിൽ അവൾ) ഇപ്പോഴും എന്നെ വിശ്വസിക്കുന്നില്ല!" എന്നു പറയുന്ന ആളുകളുണ്ട്. അല്ലെങ്കിൽ "ഞാൻ എന്റെ പാപം സഭയിൽ ഏറ്റു പറയുകയും എല്ലാവരും പ്രാർത്ഥിക്കണം എന്നാവശ്യപ്പെടുകയും ചെയ്തു. എന്നിട്ടും ചില ആളുകൾ എന്നെ സ്വീകരിക്കുന്നില്ല. അത് ശരിയല്ല!" വീണ്ടും വീണ്ടും, എനിക്ക് അവരെ ഓർമ്മിപ്പിക്കേണ്ടി വന്നു, "ഒരു മനുഷ്യൻ വിതെക്കുന്നത്, അവൻ കൊയ്യുക തന്നെ ചെയ്യും" - പാപമോചനമുണ്ട് എന്നിരുന്നാലും.

നിങ്ങൾക്ക് എപ്പോഴെങ്കിലും ഒരു സ്നേഹിതനുമായി താഴെ-തള്ളിയിടുന്ന-രീതിയിലുള്ള പോരാട്ടം ഉണ്ടാവുകയും നിങ്ങളുടെ കയ്യൊടിയുകയും ചെയ്താൽ, നിങ്ങൾ അയാളോട് രമ്യതയിലായാലും, നിങ്ങളുടെ കൈയ്ക്കേറ്റ ആ മുറിപ്പാട് അങ്ങനെ തന്നെ കിടക്കും. നിങ്ങൾക്ക് അപ്പോഴും മുറിവ് ഭേദമാകുവാൻ ബാൻഡേജ് ഇടേണ്ടി വരും. നിങ്ങൾ അപ്പോഴും വിതെക്കുന്നത് കൊയ്യുകയാണ് - പാപമോചനം ഉണ്ട് എങ്കിൽ പോലും.

ദാവീദിന്റെ ജീവിതത്തേക്കാൾ നല്ല ഒരു ചിത്രീകരണം ഇതിന് ലഭ്യമല്ല. കഴിഞ്ഞ പാഠത്തിന്റെ ഊന്നൽ വിതെക്കുന്നതിനെ കുറിച്ചായിരുന്നു - ദാവീദ് ബത്ത്ശേബയുമായി വ്യഭിചാരം ചെയ്തതും, അവൻ കപട നാടകം കളിച്ചതും, അവന് ബത്ത്ശേബയുടെ ഭർത്താവിനെ കൊല്ലേണ്ടി വന്നതും. ഈ പാഠത്തിലെ ഊന്നൽ വർഷങ്ങളോളാം നീണ്ടുനിൽക്കുന്ന കൊയ്ത്തിനെ സംബന്ധിച്ചതാണ്.

### "ഒരു മനുഷ്യൻ വിതെക്കുന്നത്"
### (2 ശമുവേൽ 11; 12)

നമുക്ക് ചില പശ്ചാത്തലം പരിശോധിക്കാം; പിന്നെ സംഭവത്തിൽ പറയുന്ന ദാവീദിന്റെ ക്രൂരമായ കൊയ്ത്തിലേക്കു കടക്കാം.

നമുക്ക് 2 ശമുവേൽ 3-ലേക്ക് മടങ്ങി വരാം. 2 ശമുവേൽ 3-ന്റെ സമയത്ത്, ദാവീദ് യഹൂദയെ മാത്രമായിരുന്നു വാണിരുന്നത്. അവന്റെ തലസ്ഥാനം ഹെബ്രോൻ ആയിരുന്നു. വാക്യം 2-ൽ നാം വായിക്കുന്നു, "ദാവീദിന്നു ഹെബ്രോനിൽവെച്ചു പുത്രന്മാർ ജനിച്ചു: യിസ്രായേല്ക്കാരത്തിയായ അഹീനോവം പ്രസവിച്ച, അമ്നോൻ അവന്റെ ആദ്യ-ജാതൻ." അഹീനോവം ദാവീദിന്റെ രണ്ടാം ഭാര്യ ആയിരുന്നു (അവന്റെ ആദ്യ ഭാര്യ, മീഖളിന്, മക്കൾ ഇല്ലായിരുന്നു). വാക്യം 3-ൽ നാം വായിക്കുന്നു, "കർമ്മേല്യൻ നാബാലിന്റെ ഭാര്യയായിരുന്ന, അബീഗയിൽ പ്രസവിച്ച കിലെയാബ്, രണ്ടാമത്തെവൻ." അബീഗയിൽ ദാവീദിന്റെ മൂന്നാം ഭാര്യ ആയിരുന്നു (നാബാൽ എന്ന ഭോഷന്റെ, വിവേകിയായ ഭാര്യയായിരുന്ന അവളെ നിങ്ങൾ ഓർമ്മിക്കുമല്ലോ). വാക്യം 3 തുടരുന്നു, "ഗെശൂർ രാജാവായ, തൽമയിയുടെ മകൾ, മയഖയുടെ മകനായ, അബ്ശാലോം മൂന്നാമത്തവൻ." ആ വാക്യത്തിൽ പിന്നെയും ഭാര്യ ഉണ്ടായിരുന്നതായി പറയുന്നു: സുറിയയിലെ ഗശൂരിൽ നിന്നുള്ള അന്യദേവനെ നമസ്ക്കരിച്ചിരുന്ന, മയഖ ആയിരുന്നു അവൾ. അവളുടെ അപ്പൻ, തൽമായിയെ നോക്കുക; അവനെ കുറിച്ചു കൂടുതലായി പിന്നീട് പറയുന്നതാണ്. വാക്യം 4-ലും 5-ലും, വ്യത്യസ്ത ഭാര്യമാരിൽ, വേറെയും മൂന്നു പുത്രന്മാർ ഉണ്ടായിരുന്നതായി നാം വായിക്കുന്നു! ദാവീദ് ഭാര്യമാരെ എടുക്കയും പുത്രന്മാരെ ജനിപ്പിക്കുകയും ചെയ്തു. ഇപ്പോൾ, രണ്ടു പുത്രന്മാരെ നോക്കുക: മൂത്തവൻ, അമ്നോൻ (വാ .2), മൂന്നാമത്തെ മകൻ, അബ്ശാലോം (വാ. 3).

ഈ പാഠത്തിൽ നാം കേന്ദ്രീകരിക്കുന്നത് രണ്ടാമതു പറഞ്ഞ, അബ്ശാ

ലോമിനെ കുറിച്ചായതുകൊണ്ട്, അവനെ കുറിച്ചു മനസ്സിലാക്കുവാൻ നമുക്ക് 2 ശമുവേൽ 14-ലേക്കു പോകാം. അബ്ശാലോമിനെ കുറിച്ചു ചേർത്തിട്ടുള്ള നിറം പിടിപ്പിച്ച വിവരണങ്ങളാണ് വാക്യങ്ങൾ 25-ഉം 26-ഉം. അവിടെ വാക്യം 25 പറയുന്നു, "എന്നാൽ എല്ലാ യിസ്രായേലിലും, സൗന്ദര്യം[1] കൊണ്ട് അബ്ശാലോമിനോളം ശ്ലാഘ്യനായ ഒരുത്തനും ഉണ്ടായിരുന്നില്ല; അടിതൊട്ട് മുടി വരെ അവന്നു ഒരു ഊനവും ഇല്ലായിരുന്നു." (എന്നെ കുറിച്ച് ആ വാക്കുകളിൽ വിവരിച്ച ഏക വ്യക്തി എന്റെ അമ്മ ആയിരുന്നു!) ദാവീദ് അവനെ നോക്കി, "ലോകത്തിലേക്ക് ഊർജ്ജ്വസ്വലനും സുന്ദരനുമായ ഒരു യുവാവിനെ കൊണ്ടുവരാൻ കഴിഞ്ഞത് എനിക്ക് വിശ്വസിക്കുവാൻ തന്നെ പ്രയാസമാണ്!" എന്നു ചിന്തിച്ചപ്പോൾ, അവന്റെ ഹൃദയമിടിപ്പ് അല്പം വേഗത്തിലായി.

വാക്യം 26 പറയുന്നു, "അവൻ [അബ്ശാലേം] തന്റെ തലമുടി കത്രിപ്പിച്ചു കളയും (ഓരോ വർഷത്തിന്റെയും അവസാനമാണ് അവൻ അതു കത്രിപ്പിച്ചു കളയുന്നത്, അതു തനിക്കു ഭാരമായിരിക്കയാൽഅത്രേ കത്രിപ്പിച്ചത്), അവന്റെ തലമുടി കത്രിച്ചാൽ രാജതൂക്കത്തിന്നു 200 ശേക്കെൽ കാണും." ഇരുനൂറു ശേക്കെൽ എന്നത് ഏതാണ്ട് മൂന്നിനും അഞ്ചിനും ഇടയ്ക്കുവരുന്ന പൗണ്ടാണ്. അതിനെ താരതമ്യം ചെയ്യുവാൻ എനിക്കു മൂന്നു മുതൽ അഞ്ചുവരെ തൂക്കമുള്ള മറ്റൊന്നില്ല, എന്നാൽ ഒരു രണ്ടു-പൗണ്ട് ബീൻസുള്ള സഞ്ചി ഞാൻ ഉപയോഗിക്കുന്നു; അത് ഭാരമുള്ളതാണ്.[2] എന്തുകൊണ്ടാണ് അബ്ശാലോം തന്റെ മുടി മുറിച്ചത് എന്നുള്ളത് എനിക്കു മനസ്സിലാക്കാം, എന്നാൽ അവൻ തന്റെ മുടിയുടെ ഭാരം തൂക്കി നോക്കി എന്നത് താല്പര്യം ജനിപ്പിക്കുന്നതല്ലേ? നിങ്ങളുടെ തലമുടി അവസാനമായി കത്രിപ്പിച്ചപ്പോൾ, മുറിച്ച-മുടിയുടെ തൂക്കം നിങ്ങൾ നോക്കിയിട്ടുണ്ടോ? അബ്ശാലോമിന്റെ പൊങ്ങച്ചം അവിടെ കാണാം. അവന് തന്റെ കാക്ക-കറുപ്പ് നിറമുള്ള, സുന്ദരമായ, ഒഴുകി കിടക്കുന്ന, യെഹൂദ മുടിയിൽ അഹന്ത ഉണ്ടായിരുന്നു.

അത് ഒരു സൗന്ദര്യമുള്ള യുവാവായിരുന്നു! ഞാൻ കരുതുന്നത്, അബ്ശാലേം ബാലനായിരുന്നപ്പോൾ, ദാവീദ് അവനെ കടന്നുപോകുമ്പോഴെല്ലാം, അവന്റെ തലയെ തടവി, "എന്തു നല്ല-സൗന്ദര്യമുള്ള കുട്ടിയാണ് നീ!" എന്നു പറഞ്ഞിരിക്കാം എന്നാണ്.

കുറച്ച് വർഷങ്ങൾ കഴിഞ്ഞുള്ള സംഭവത്തിലേക്കു നമുക്കു നോക്കാം. ഹെബ്രോനിലെ ഏഴുവർഷശേഷം, ദാവീദ് യെരുശലേം പിടിച്ചടക്കുകയും തന്റെ തലസ്ഥാനമാക്കുകയും ചെയ്തു. 2 ശമുവേൽ 5:13-ൽ നാം വായിക്കുന്നു, "ഹെബ്രോനിൽ നിന്ന് വന്നശേഷം, ദാവീദ് യെരുശലേമിൽ വെച്ച് അധികം വെപ്പാട്ടികളെയും[3] [നമുക്ക് കുറഞ്ഞത് പത്തുപേരെ[4] കുറിച്ചറിയാം] ഭാര്യമാരെയും പരിഗ്രഹിച്ചു; ദാവീദിന്നു പിന്നെയും പുത്രന്മാരും പുത്രിമാരും ജനിച്ചു." വാക്യങ്ങൾ 14 മുതൽ 16 വരെ അവന് പിന്നെയും പതിനൊന്നു പുത്രന്മാർ ജനിച്ചതായി പറയുന്നു. ദാവീദിന്റെ കുടുംബവൃക്ഷത്തിനു താങ്ങാവുന്നതിൽ കൂടുതൽ ഭാരമായി - ചില ഫലങ്ങൾ അഴുകുവാനും തുടങ്ങി.

കഴിഞ്ഞ പാഠങ്ങളിൽ, രാജാവെന്ന നിലയിൽ ദാവീദിന്റെ ആരംഭഘട്ടത്തിലെ വിജയത്തെ നാം കണ്ടു - ഒരു വിജയിക്കുന്ന യോദ്ധാവും, ബുദ്ധിയുള്ള പൗരനും, മികവുറ്റ നടത്തിപ്പുകാരനും, യഹോവയെ തീഷ്ണതയോടെ ആരാധിക്കുന്നവനും ആയി നാം അവനെ കണ്ടു. നാം കാണാത്ത ഒരു കാര്യം ദാവീദ് എന്ന ഗൃഹനാഥനെയാണ്. അവനു വിവാഹം കഴിക്കുവാനും മക്കളെ ജനിപ്പിക്കുവാനും സമയമുണ്ടായിരുന്നു; എന്നാൽ വേണ്ട രീതിയിൽ അവരെ

രൂപപ്പെടുത്തി വളർത്തുവാൻ അവനു സമയമില്ലായിരുന്നു.

അവസാനം, 2 ശമുവേൽ 11-ൽ ദാവീദിനു കുറച്ചു ഒഴിവുസമയം ഉള്ളതായി കാണാം. ആ സമയം കുടുംബവുമായി ചെലവഴിക്കുവാൻ ഉപയോഗിക്കുന്നതിനു പകരം, എങ്ങനെയായാലും, അവൻ താല്പര്യമില്ലാതെ ചുറ്റിക്കറങ്ങുകയും സുന്ദരിയായ ഒരു സ്ത്രീ കുളിക്കുന്നതു കാണുവാൻ ഇടവരുകയും ചെയ്തു. അവളുമായി വ്യഭിചാരം ചെയ്തശേഷം, അവനിൽ പാപം തുരുതുരാ വന്നുകൊണ്ടിരുന്നു. തന്റെ ജീവിതം മുഴുവൻ ദൈവത്തിനു സമർപ്പിച്ച മനുഷ്യന്റെ ജീവിതത്തിൽ ആ ഒരു ഉച്ചകഴിഞ്ഞ സമയം മാത്രം, തന്റെ മോഹത്തെ നിയന്ത്രിക്കുവാൻ കഴിഞ്ഞില്ല. "ഒരു മനുഷ്യൻ വിതെക്കുന്നതു, തന്നെ കൊയ്യും" എന്നതു സത്യമല്ലേ? അതേ തരത്തിൽത്തന്നെ കൊയ്യുമെന്നതും സത്യമല്ലേ? അവൻ വിതെക്കുന്നതിനേക്കാളധികം കൊയ്യും എന്നതും സത്യമല്ലേ? നമുക്ക് ആ സംഭവം തുടരാം.

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, "ആ മനുഷ്യൻ നീ തന്നെ!" (2 ശമു വേൽ 12:7) എന്നു നാഥാൻ പ്രവാചകൻ ദാവീദിനോടു പറഞ്ഞപ്പോഴുള്ള, നാടകീയ രംഗം നാം കണ്ടു. "ഞാൻ യഹോവക്കു അനിഷ്ടമായതു ചെയ്തു" (2 ശമുവേൽ 12:13), എന്നു അവൻ കരഞ്ഞപേക്ഷിച്ചപ്പോൾ അവൻ മനസ്താപപ്പെട്ടതു നാം കണ്ടു. സങ്കീർത്തനങ്ങൾ 51-ൽ ദാവീദിന്റെ നിരാശയുടെ ആഴവും, പിന്നെ സങ്കീർത്തനങ്ങൾ 32-ൽ നാഥാൻ അവനോടു, "യഹോവ നിന്റെ പാപം മോചിച്ചിരിക്കുന്നു; നീ മരിക്കയില്ല" (2 ശമുവേൽ 12:13) എന്നുറപ്പിച്ചു പറഞ്ഞപ്പോൾ അവന്റെ ഹൃദയത്തിലുണ്ടായ സന്തോഷവും നാം കണ്ടു. പഴയനിയമത്തിൽ പോലും, ദൈവത്തിന്റെ കരുണ കാണുന്നതു മനോഹരമല്ലേ? "നീ മരിക്കയില്ല. നിന്നെ കല്ലെറിഞ്ഞു കൊല്ലുകയില്ല – പഴയനിയമത്തിലെ വ്യഭിചാരത്തിനും കൊലക്കുമുള്ള ശിക്ഷ. നീ ജീവിക്കുവാൻ പോകുന്നു!" ദാവീദിന്റെ വായിൽ നിന്നു വന്ന ആറു വാക്കുകൾ: "ഞാൻ യഹോവക്കു അനിഷ്ടം ആയതു ചെയ്തു." അതോടുകൂടി, ദാവീദ് ആ പ്രശ്നം പരിഹരിച്ചു. അവനു പ്രശ്നമില്ലാതായി. പിന്നെ എല്ലാം പഴയതുപോലെ ആയി.

ഇല്ല.

ഒന്നും പഴയതുപോലെ ആയില്ല.

പാപമോചനം ഉണ്ട് എന്നാൽപോലും – "ഒരു മനുഷ്യൻ, വിതെക്കുന്നതു തന്നെ കൊയ്യും."

## "അവൻ അതു തന്നെ കൊയ്യും"
## (2 ശമുവേൽ 12-19)

12:10-ൽ നാഥാൻ ദാവീദിനോടു പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: "അതുകൊണ്ട്, വാൾ നിന്റെ ഗൃഹത്തെ ഒരിക്കലും വിട്ടുമാറുകയില്ല." 12:11-ലെ പ്രത്യേകമായി പറഞ്ഞിരിക്കുന്ന മാതൃക നോക്കുക: "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, 'നിന്റെ സ്വന്ത ഗൃഹത്തിൽനിന്നു ഞാൻ നിനക്കു അനർത്ഥം വരുത്തും; നീ കാൺകെ ഞാൻ നിന്റെ ഭാര്യമാരെ എടുത്ത്, നിന്റെ കൂട്ടുകാരന്നു കൊടുക്കും, അവൻ ഈ സൂര്യന്റെ വെട്ടത്തു തന്നെ നിന്റെ ഭാര്യമാരോടുകൂടെ ശയിക്കും.'"

ദാവീദിന്റെ മറുപടി എനിക്കു കേൾക്കാം: "ഒരു നിമിഷം നിൽക്കണേ, യഹോവേ. അത് ന്യായമല്ല! ഞാൻ ക്ഷമിക്കപ്പെട്ട ഒരു വ്യക്തിയാണ്. ഞാൻ മാന്ത്രിക വാക്കുകൾ പറഞ്ഞു. ഞാൻ ചെയ്യേണ്ടതാണ് ചെയ്തത്. 'എന്റെ

ഗൃഹത്തിൽ നിന്ന് വാൾ ഒരിക്കലും വിട്ടുമാറുകയില്ല' എന്ന് നീ പറഞ്ഞതിന്റെ *അർത്ഥം* എന്താണ്?"

"ഞാൻ പറയുന്നതിന്റെ അർത്ഥം ഇതാണ്. ഒരു മനുഷ്യൻ, വിതെക്കു ന്നതു തന്നെ കൊയ്യും - പാപമോചനമുണ്ട് എന്നാൽപോലും."

പാപത്തിന്റെ കുറ്റം നീങ്ങപ്പെട്ടാൽ പോലും, അനന്തരഫലങ്ങൾ പിന്തു ടർന്നുകൊണ്ടിരിക്കും. പാപത്തെ കുറിച്ച് നാം അതു മനസ്സിലാക്കുന്നുണ്ടോ? പാപം നിസാരമായ ഒരു കാര്യമല്ല. നമുക്ക് ഇങ്ങനെ പറയാൻ കഴിയുകയില്ല, "അതിനെ കുറിച്ചു വിചാരപ്പെടേണ്ടതില്ല. ഒരു നിമിഷം കൊണ്ട് എനിക്കത് ഇല്ലാതെയാക്കാം." ദാവീദിന്റെ ജീവിതത്തിലെ ആയിരക്കണക്കിനു ദിവസങ്ങ ളുടെ ഇടയ്ക്ക് ഒരു വൈകുന്നേരത്തായിരുന്നു അതു സംഭവിച്ചത്, ഒരു ഉച്ചക ഴിഞ്ഞയുടനെയായിരുന്നു - എന്നാൽ അതിന്റെ അനന്തരഫലം വർഷങ്ങൾ തോറും പിൻതുടർന്നു.

12:10-ലെ "ഗൃഹം" എന്ന വാക്കും വാക്യം 11-ലെ "ഭവനം" എന്ന വാക്കും ശ്രദ്ധിക്കുക: "വാൾ നിന്റെ സ്വന്തം ഗൃഹത്തിൽ നിന്ന് വിട്ടു മാറുകയില്ല ... നിന്റെ സ്വന്ത ഗൃഹത്തിൽ നിന്ന് ഞാൻ നിനക്ക് അനർത്ഥം വരുത്തും." അവന്റെ ഗൃഹത്തിനെതിരായി നിരന്തരമായ ആക്രമണം ഉണ്ടായി. ചില കൊടു ങ്കാറ്റ് പുറത്തുനിന്നുവന്നു; അവ ഭവനം ആയിരിക്കേണ്ടതുപോലെ ആയാൽ തരണം ചെയ്യുവാൻ കഴിയുമായിരുന്നു. കുടുംബങ്ങളെ തകർക്കുന്ന കൊടു ങ്കാറ്റ് ഉള്ളിൽ നിന്നു വരുന്നവയാണ്. ദാവീദിന്റെ പാപം കാരണം, ഉള്ളിൽ നിന്ന് നിരന്തരമായി അടിച്ചുകൊണ്ടിരുന്ന കൊടുങ്കാറ്റിനാൽ അവന്റെ ഗൃഹം ചിന്നിചിതറുമെന്നായി.

കഴിഞ്ഞ പാഠത്തിൽ നാം ആദ്യത്തെ അനന്തരഫലം കണ്ടു: ദാവീദു ബത്ത്ശേബയുമായി പുലർത്തിയ അവിഹിത ബന്ധത്തിൽ നിന്ന് ജനിച്ച മകന്റെ ദുഃഖകരമായ മരണം. തുടർന്നുള്ള അനന്തരഫലങ്ങൾ കാണുവാൻ 2 ശമുവേൽ 13-ലേക്കു നമുക്കു തിരിയാം.

**ബലാത്സംഗം (13:1-19)**

അദ്ധ്യായം 13-ന്റെ ആദ്യ ഭാഗത്തുള്ള സംഭവം ബൈബിളിലെ ഏറ്റവും അധികം എന്നെ വേദനിപ്പിക്കുന്ന സംഭവങ്ങളിൽ ഒന്നാണ്. അത് ഒരുപക്ഷെ എനിക്ക് മൂന്നു പെൺമക്കൾ ഉള്ളതുകൊണ്ടാവാം. ഇന്നു അവയെ വാസ്തവ ത്തിൽ നടന്ന-ഒരു-സംഭവത്തെ-ആസ്പദമാക്കി രൂപപ്പെടുത്തിയ നാടകമാക്കി മാറ്റി റ്റി.വി.യിൽ നമ്മെ സ്വാധീനിക്കത്തക്ക വിധത്തിൽ വിശദമായി അവതരി പ്പിക്കാം. അത് നാം ചിന്തിക്കുവാൻ ഇഷ്ടപ്പെടാത്തതും, ഒട്ടും ചർച്ച ചെയ്യാ ത്തതുമായ പാപത്തെ സംബന്ധിച്ചുള്ള ദുഃഖകരമായ കഥയാണ്. എന്നിരു ന്നാലും, പാപത്തിന്റെ അനന്തരഫലങ്ങളെ കുറിച്ചുള്ള പാഠം ഇവിടെ നാം പഠിക്കേണ്ടതുണ്ട്. നമുക്കുവേഗം അതിലൂടെ കടന്നുപോകാം.

അദ്ധ്യായം ആരംഭിക്കുന്നു, "അതിന്റെ ശേഷം സംഭവിച്ചതു ദാവീദിന്റെ മകനായ അബ്ശാലോമിന്നു സൗന്ദര്യമുള്ള ഒരു സഹോദരി ഉണ്ടായിരുന്നു അവൾക്കു താമാർ എന്നു പേർ" (13:1). അദ്ധ്യായം 3 മുതൽ വായിക്കുമ്പോൾ ഇതാദ്യമായാണ് അബ്ശാലോമിനെ കുറിച്ചു നാം വായിക്കുന്നത്. ഏതാണ്ട് ഇരുപതു വർഷം കഴിഞ്ഞിരിക്കയാണ്. ദാവീദേ, നീ ഇതുവരെ എന്തുചെയ്തു കൊണ്ടിരിക്കയായിരുന്നു? "ഞാൻ സൈന്യത്തിന് ആജ്ഞകൾ കൊടുത്തു കൊണ്ടിരുന്നു. ഞാൻ രാജകീയ കാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഞാൻ

ഭാര്യമാരെ എടുക്കുകയും മക്കളെ ജനിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു." എന്നാൽ, ദാവീദേ നീ ആ കുടുംബ*ത്തോടു* എന്തു ചെയ്തുകൊണ്ടിരിക്കയായിരുന്നു? നിന്റെ ഭവനത്തോട് നിനക്ക് ഏതുതരത്തിലുള്ള ബന്ധമായിരുന്നു ഉണ്ടായിരുന്നത്? സ്പഷ്ടമായും അവന് ഒന്നുമില്ലായിരുന്നു.

ദാവീദ് ബത്ത്ശേബയുമായി പാപം ചെയ്യുന്നതിനു മുൻപ്, ദാവീദ് ഒരു കല്പന കൊടുക്കുമ്പോൾ, അതങ്ങനെ തന്നെ ചെയ്യുമായിരുന്നു. അവനെ എല്ലാവരും ബഹുമാനിച്ചിരുന്നു. ഇപ്പോൾ അവന് ആ ബഹുമാനം അധികവും നഷ്ടമായി – പ്രത്യേകിച്ച് അവന്റെ മക്കളുടെ ഭാഗത്തു നിന്ന്. അവന്റെ മക്കൾക്ക്, അവർ അനുസരിക്കേണ്ട ഒരു അപ്പനാകുന്നതിനുപകരം, എങ്ങനെയും പ്രലോഭിപ്പിക്കാവുന്ന ഒരു കഥാപാത്രമായി തീരുകയായിരുന്നു രാജാവു.

"ദാവീദിന്റെ മകനായ അബ്ശാലോമിന് സുന്ദരിയായ താമാർ[5] എന്ന ഒരു സഹോദരി ഉണ്ടായിരുന്നു." ദാവീദിന്റെ മറ്റു പുത്രന്മാരും പുത്രിമാരും അബ്ശാലോമിന്റെ അർത്ഥ-സഹോദരന്മാരും അർത്ഥ-സഹോദരിമാരും ആയിരുന്നു. താമാർ, സുന്ദരിയായ താമാർ, അബ്ശാലോമിന്റെ നേർ സഹോദരി[6] ആയിരുന്നു.

വാക്യം 1 തുടർന്നു വായിക്കുക: "ദാവീദിന്റെ മകനായ അമ്നോൻ അവളെ സ്നേഹിച്ചു." അദ്ധ്യായം 3 മുതൽ വായിക്കുമ്പോൾ ഇതാദ്യമായാണ് നാം അമ്നോനെ കുറിച്ചും വായിക്കുന്നത്. അമ്നോൻ, ദാവീദിന്റെ മൂത്ത മകൻ ആയിരുന്നുവെന്നും, അടുത്ത കിരീടാവകാശിയും, പ്രഭുവുമാണെന്നു ഓർമ്മിക്കുക. "എന്നാൽ അമ്നോൻ ... [താമാറിനെ] സ്നേഹിച്ചിരുന്നു." ഇവിടെയുള്ള "സ്നേഹം" എന്നത് "നമുക്കു പ്രണയിക്കാം"[7] എന്ന പ്രയോഗത്തിന്റെ അർത്ഥത്തിലുള്ളതാണ്. അമ്നോന്റെ മനസ്സ് തന്റെ അർത്ഥ-സഹോദരിയായിരുന്ന താമാറിനുവേണ്ടിയുള്ള *മോഹം* കൊണ്ടു നിറഞ്ഞു. അവന്റെ ആഗ്രഹം താങ്ങാൻ സാധിക്കാത്തതുകൊണ്ട് അവന് രോഗമുണ്ടായി, എന്നാൽ എന്തു ചെയ്യണമെന്ന് അവന് അറിയില്ലായിരുന്നു. രാജാവിന്റെ കന്യകയായ മകളായി, താമാർ മുറിയിലടക്കപ്പെട്ട് പൂട്ടി താക്കോൽ രാജധാനിയുടെ[8] മറ്റൊരു ഭാഗത്തു വച്ചിരുന്നു.

"എന്നാൽ അമ്നോന്നു യോനാദാബ്[9] എന്നു പേരുള്ള ഒരു സ്നേഹിതൻ ഉണ്ടായിരുന്നു" (13:3). നിങ്ങൾ തെറ്റു ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അതിനു നിങ്ങളെ പ്രോത്സാഹിപ്പിക്കുന്ന "ഒരു സ്നേഹിതനെ" കണ്ടെത്തുക പ്രയാസമല്ല, ഒരുപക്ഷെ അതു എങ്ങനെ ചെയ്യണമെന്നുപോലും[10] അയാൾ പറഞ്ഞുതരും. യോനാദാബ് അമ്നോനോടുപറഞ്ഞു, "നീ നാൾക്കുനാൾ ഇങ്ങനെ ക്ഷീണിച്ചുവരുന്നതു എന്തു, രാജകുമാരാ?" (13:4). മറ്റൊരുവാക്കിൽ പറഞ്ഞാൽ, "രാജാവിന്റെ കിരീടാവകാശ അധികാരം ഉള്ള രാജകുമാരനായിരുന്നിട്ടും, അത് നിന്നെ സന്തുഷ്ടനാക്കിയില്ലെങ്കിൽ, പിന്നെ എന്തിന്? നിനക്കു സന്തോഷമുണ്ടാകുവാൻ എന്താണ് ആവശ്യം? അത് എങ്ങനെ കിട്ടുമെന്ന് ഞാൻ നിന്നോടു പറയാം."

ദാവീദിനെ അവർ എങ്ങനെ പ്രലോഭിപ്പിച്ചു എന്നു നോക്കുക. തന്നെ അലട്ടിക്കൊണ്ടിരുന്നതിന്റെ കാരണം അമ്നോൻ യോനാദാബിനോടു പറഞ്ഞശേഷം, യോനാദാബ് പറഞ്ഞു,

> നീ രോഗം നടിച്ചു കിടക്കയിൽ കിടന്നുകൊൾക; നിന്നെ കാണ്മാൻ നിന്റെ

അപ്പൻ വരുമ്പോൾ, നീ അവനോടു, "എന്റെ സഹോദരിയായ താമാർ വന്നു എന്നെ ഒന്നു ഭക്ഷണം കഴിപ്പിക്കേണം, അവളുടെ കയ്യിൽ നിന്നു വാങ്ങി ഭക്ഷിക്കേണ്ടതിന്നു, ഞാൻ കാണ്കെ അവൾ എന്റെ മുമ്പിൽവെച്ചു തന്നേ ഭക്ഷണം ഒരുക്കേണം എന്നു അപേക്ഷിച്ചു കൊൾക" (13:5).

അമ്നോൻ യോനാദാബിന്റെ ഉപദേശപ്രകാരം ചെയ്തു. ദാവീദ് അവന്റെ അവകാശത്തിന്മേൽ പരിശോധിച്ചപ്പോൾ, അമ്നോൻ അവനോടു യോനാദാബിന്റെ ഭോഷ്ക്ക് പറഞ്ഞു. അമ്നോന് അവന്റെ അപ്പനോടു ബഹുമാനം ഇല്ലായിരുന്നു; താൻ ആഗ്രഹിക്കുന്നത് നേടുവാനായി അവൻ രാജാവിനെ ദുരുപയോഗിച്ചു. നിങ്ങൾ ഒരു അപ്പന്റെ കടമ നിർവ്വഹിക്കാതിരിക്കുമ്പോൾ, മറ്റുള്ളവർക്ക് നിങ്ങളെ ഉപയോഗിക്കുവാൻ എളുപ്പമാണ്. തങ്ങളുടെ കടമ നിർവ്വഹിക്കാത്ത അപ്പന്മാർക്ക് കുറ്റബോധം ഉണ്ടാവുകയും അതേ സമയം തങ്ങളുടെ മക്കൾ തങ്ങളെ ഇഷ്ടപ്പെടണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു; അവർ പ്രലോഭിക്കപ്പെടുവാൻ തയ്യാറാകുന്നു.

ദാവീദ് അമ്നോന്റെ ആവശ്യം അംഗീകരിക്കുകയും താമാറിനെ ആഹാരം പാചകം ചെയ്യുവാൻ അമ്നോന്റെ വാസസ്ഥലത്തേക്ക് അയക്കുകയും ചെയ്തു. എങ്ങനെയായാലും, അവൾ ആഹാരം പാചകം ചെയ്തുകഴിഞ്ഞപ്പോൾ,[11] അവൻ അതു ഭക്ഷിക്കുവാൻ കൂട്ടാക്കിയില്ല. എല്ലാവരും മുറിയിൽ നിന്ന് പുറത്തിറങ്ങുവാൻ അവൻ ആജ്ഞാപിക്കുകയും, പിന്നെ താമാറിനോട് തന്നെ ഊട്ടേണ്ടതിന് ആഹാരം തന്റെ മേശപ്പുറത്ത് കൊണ്ടുവരുവാനും ആവശ്യപ്പെട്ടു. അവൾ അങ്ങനെ ചെയ്തപ്പോൾ, അവൻ അവളെ പിടിച്ചുകൊണ്ടു നിർബന്ധിച്ചു, "എന്റെ സഹോദരി, വന്ന്, എന്നോടുകൂടെ ശയിക്ക" (13:11). അവൾ ഭയപ്പെടുകയും അവന്റെ മോഹത്തെ[12] കടിഞ്ഞാണിടുവാൻ അവനോടു അപേക്ഷിക്കയും ചെയ്തു. "എന്നാൽ അവൻ, അവളുടെ വാക്കു കേട്ടില്ല." മറിച്ച്, "അവളെക്കാൾ ബലമുള്ളവനാക കൊണ്ടു, ബലാല്ക്കാരം ചെയ്തു അവളോടുകൂടെ ശയിച്ചു" (13:14). "അവൻ അവളെ ബലാത്സംഗം ചെയ്തു" (എൻഐവി); അവൻ തന്റെ സ്വന്ത സഹോദരിയെയാണ് ബലാത്സംഗം ചെയ്തത്.

"പിന്നെ അമ്നോൻ അവളെ അത്യന്തം വെറുത്തു; അവൻ അവളെ സ്നേഹിച്ച സ്നേഹത്തെക്കാൾ അവളെ വെറുത്ത വെറുപ്പു വലുതായിരുന്നു. അമ്നോൻ അവളോടു പറഞ്ഞു, 'എഴുന്നേറ്റു, പോക!'" (13:15). യുവതികളായ സ്ത്രീകൾ, ഈ വാക്കുകൾ ശ്രദ്ധിച്ചുകേട്ടു, ഹൃദയത്തിൽ സംഗ്രഹിക്കുക. ചിലയാളുകൾ അവരുമായി ലൈംഗിക ബന്ധം പുലർത്തുവാൻ മാത്രം നിങ്ങളോടു "സ്നേഹ" ഭാവം നടിച്ചു സംസാരിക്കും, എന്നാൽ അതിനുശേഷം, നിങ്ങളെ അതിനാൽ വെറുക്കുകയും ചെയ്യും. വിവാഹബന്ധത്തിൽ, ലൈംഗികത വളരെ മനോഹരമായ ഒന്നാണ് (ഉല്പത്തി 2:23–25; എബ്രായർ 13:4); എന്നാൽ അതിനുപുറമെയുള്ള ബന്ധത്തിൽ, അത് വിരൂപവും വിലയില്ലാത്തതുമായി തീരും.

താമാർ അവന്റെ കാല്ക്കൽവീണു എന്നെ പുറത്താക്കരുത് എന്ന് അപേക്ഷിച്ചു എങ്കിലും, അവൻ അതു ശ്രദ്ധിച്ചില്ല. അവൻ തന്റെ ഒരു ബാല്യക്കാരനോടു, "ഇവളെ ["താമാർ," എന്നോ "എന്റെ സഹോദരി," എന്നോ അല്ല എന്നാൽ "ഇവളെ" എന്നാണ് പറഞ്ഞത്] ഇവിടെ നിന്നു പുറത്താക്കി, വാതിൽ

അടച്ചു കളക" (13:17). താമാർ പോയത്, അവളുടെ കന്യകാത്വത്തിന്റെ[13] അടയാളമായിരുന്ന വസ്ത്രം കീറുകയും, അവളുടെ കണ്ണുകളിൽ[14] നിന്ന് കണ്ണുനീർ ഒഴുക്കിക്കൊണ്ടുമായിരുന്നു.

"അമ്നോനെ, നീ രാജകുടുംബത്തിലായതുകൊണ്ട്, നിനക്കു ഇഷ്ടമുള്ള സ്ത്രീയെ സ്വീകരിക്കാമെന്ന ആശയം എവിടെനിന്നു കിട്ടി? മോഹം നിയന്ത്രിക്കാതെ, അതിനെ തൃപ്തിപ്പെടുത്തണം എന്ന ആശയം നിനക്കെവിടെ നിന്നു കിട്ടി?" അമ്നോൻ ഒരുപക്ഷെ ചിരിച്ചുകൊണ്ടു പറഞ്ഞേക്കാം, "ഞാൻ അത് എന്റെ അപ്പനിൽ നിന്നു ശീലിച്ചു." അപ്പനെ പോലെ തന്നെ, മകനും.

ദാവീദിന്റെ ഗൃഹത്തിൽ നിന്ന് വാൾ ഒരിക്കലും വിട്ടുമാറുകയില്ല.

ഈ ദുഃഖകരമായ കാര്യം കേട്ടപ്പോൾ ദാവീദ് എന്തു ചെയ്തു? നോക്കുക 13:21: "ദാവീദ് രാജാവു ഈ കാര്യം ഒക്കെയും കേട്ടപ്പോൾ, അവന്റെ കോപം ഏറ്റവും ജ്വലിച്ചു."[15] അവൻ അമ്നോനിൽ അച്ചടക്കം വരുത്തിയില്ല; അവൻ താമാറിനെ ആശ്വസിപ്പിച്ചില്ല; അവൻ എല്ലാവരെയും വിളിച്ചുകൂട്ടി പ്രശ്നം പരിഹരിച്ചില്ല. അവൻ പെട്ടെന്നു ഒരു ഭ്രാന്തനെ പോലെ ആയി. തന്റെ തന്നെ പുസ്തകം കോപ്പി അടിച്ച അമ്നോനെ അവനു എങ്ങനെ അച്ചടക്കം വരുത്തുവാൻ കഴിയും?

"ഒരു മനുഷ്യൻ വിതെക്കുന്നതുതന്നെ, അവൻ കൊയ്യും" – പാപമോചനമുണ്ട് എന്നാൽ പോലും.

**പ്രതികാരം (13:20-36)**

താമാറിന്റെ നേർ സഹോദരൻ, അബ്ശാലോം, സംഭവിച്ചത് മനസ്സിലാക്കിയപ്പോൾ, അമ്നോനെ ശിക്ഷിക്കാതെ വിടരുത് എന്നു തീരുമാനിച്ചു. അവൻ താമാറിനോടു, "നിന്റെ സഹോദരനായ അമ്നോൻ നിന്റെ അടുക്കൽ ആയിരുന്നുവോ?" അമ്നോനെ അബ്ശാലോം സംശയിച്ചത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. അവൻ അമ്നോന്റെ കണ്ണുകളിലെ മോഹം കണ്ടുകാണുമോ? അവൻ ഒരു കിംവദന്തി കേട്ടുകാണുമോ? താമാർ തല കുലുക്കിയപ്പോൾ, സംസാരിക്കാൻ സാധിക്കാതെ, കരഞ്ഞുകൊണ്ടിരിക്കുന്നതു, എനിക്കു കാണാം. അബ്ശാലോം പറഞ്ഞു, "ആകട്ടെ സഹോദരീ, മിണ്ടാതിരിക്ക" (13:20). അവഹേളിതയായ താമാർ, അബ്ശാലോമിന്റെ വീട്ടിൽ, ഏകയായിതീർന്നു.

"എന്നാൽ അബ്ശാലോം അമ്നോനോടു ഗുണമോ ദോഷമോ ഒന്നും സംസാരിച്ചില്ല; തന്റെ സഹോദരിയായ താമാരിനെ അമ്നോൻ അപമാനിച്ചതുകൊണ്ടു അബ്ശാലോം അവനെ ദ്വേഷിച്ചു" (13:22). രണ്ടുവർഷം അബ്ശാലോം തന്റെ സഹോദരനോടു സംസാരിക്കാതെ കഴിഞ്ഞു. അവർ ഒരേ മേശമേൽ ആഹാരം കഴിക്കുകയും രാജധാനിയുടെ ഹാളിൽകൂടി കടന്നുപോകയും ചെയ്തു, എന്നാൽ അബ്ശാലോം അമ്നോൻ ജീവിച്ചിരിപ്പില്ല എന്ന വിധത്തിൽ ആയിരുന്നു പെരുമാറിയത്. അന്യോന്യം ആശയവിനിമയം നടത്താതിരുന്ന ഒരു ഭവനമായിരുന്നു അത്. ദാവീദ് തന്റെ മക്കളോടു സംസാരിച്ചിരുന്നില്ല; അവന്റെ മക്കൾ അന്യോന്യം സംസാരിച്ചിരുന്നില്ല. *"രണ്ടു സംവൽസരം മുഴുവ" നും* ഒരു ആശയവിനിമയവും ഇല്ലാതിരുന്നു. (13:23; എംഫസിസ് മൈൻ).

ഈ കാലമത്രയും, തന്റെ സുന്ദരിയായ സഹോദരി, ദിവസം കഴിയുന്തോറും വിളറിവെളുത്തുവരുന്നതു കണ്ടു അബ്ശാലോമിന്റെ ഉള്ളിൽ, വെറുപ്പ് നിറഞ്ഞു (2 ശമുവേൽ 13:32 നോക്കുക). അബ്ശാലോമിന്റെ മനസ്സിൽ ഒരു

പ്രതികാര പദ്ധതി രൂപം കൊണ്ടു. "രണ്ടു സംവത്സരം കഴിഞ്ഞശേഷം അബ്ശാലോമിന്നു എഫ്രയീമിന്നു സമീപത്തുള്ള ബാൽഹാസോരിൽ,[16] ആടുകളെ രോമം കത്രിക്കുന്ന അടിയന്തരം ഉണ്ടായിരുന്നു, അബ്ശാലോം രാജകുമാരന്മാരെയൊക്കെയും ക്ഷണിച്ചു" (13:23). ആടുകളുടെ രോമം കത്രിക്കുന്ന സമയം ഒരു ഉത്സവസമയമായിരുന്നു[17] - അബ്ശാലോം ആ വിരുന്നിൽ[18] പങ്കുചേരുവാൻ തന്റെ സഹോദരന്മാരെ ക്ഷണിച്ചു. തീർച്ചയായും, അബ്ശാലോം, ഒരുപക്ഷെ, പ്രത്യേകമായി ആഗ്രഹിച്ചത് തന്റെ സഹോദരനായ അമ്നോനെ ആയിരിക്കാം. പ്രത്യക്ഷത്തിൽ, അമ്നോൻ അബ്ശാലോമിന്റെ ക്ഷണം സ്വീകരിക്കാതിരുന്നതുകൊണ്ട്, അബ്ശാലോം അവനെ പ്രലോഭിപ്പിക്കുവാൻ തന്റെ അപ്പന്റെ അടുക്കൽ പോയി.

അബ്ശാലോം ദാവീദിനെ വിരുന്നിന് ക്ഷണിച്ചു. അവനത് നിരസിച്ചപ്പോൾ (അതുണ്ടാവുമെന്ന് അബ്ശാലോമിന് അറിയാമായിരുന്നു), അബ്ശാലോം, എല്ലാ അർത്ഥത്തിലും പറഞ്ഞു, "പിന്നെ നിന്റെ പ്രതിനിധിയായി കിരീടാവകാശിയായ അമ്നോനെ അയക്കുക." ആദ്യം ദാവീദ് നിരസിച്ചു (അവനിൽ സംശയമുണ്ടായിരുന്നോ?), എന്നാൽ അബ്ശാലോം അവനെ കീഴ്പ്പെടുത്തി[19] (ഒരു സാധാരണ രീതിയിലുള്ള പ്രലോഭന തന്ത്രം). അവസാനം, അമ്നോൻ ചെല്ലുമെന്ന് ദാവീദ് സമ്മതിച്ചു.

വിരുന്ന് ആരംഭിച്ചപ്പോൾ, അബ്ശാലോം അമ്നോനെ മദ്യപിച്ചു ലഹരി പിടിപ്പിക്കുകയും, അവന്റെ ഭൃത്യന്മാരോടു അവനെ കൊല്ലുവാൻ കല്പിക്കുകയും ചെയ്തു. ഒരു നിമിഷത്തിനുള്ളിൽ, അടുത്ത കിരീടാവകാശി ആയിരുന്ന രാജകുമാരൻ രക്തത്തിൽ കുളിച്ചു താഴെ വീണു. അവനോടുകൂടെ ഉണ്ടായിരുന്നവരെല്ലാം, പ്രാണനും കൊണ്ട് ഓടിപ്പോയി.[20]

"അബ്ശാലോമേ, ഒരാളുടെ സുരക്ഷിതത്വം ഇല്ലാതാക്കുവാൻ അവനെ ആദ്യം മദ്യപിച്ച് ലഹരിപിടിപ്പിക്കണം എന്ന് നീ എവിടെനിന്നു പഠിച്ചു? നിനക്കുവേണ്ടി ഒരാളെ കൊല്ലുന്നത് ആരെങ്കിലും നടത്തണമെന്ന ആശയം നിനക്ക് എവിടെനിന്നു കിട്ടി?" അബ്ശാലോം ഒരുപക്ഷെ ചിരിച്ചുകൊണ്ടു പറഞ്ഞേക്കാം, "ഞാൻ അതു എന്റെ അപ്പനിൽ നിന്നു പഠിച്ചു." അപ്പനെ പോലെ, തന്നെ മകനും.

ദാവീദിന്റെ ഗൃഹത്തിൽ നിന്ന് വാൾ ഒരിക്കലും വിട്ടുമാറുകയില്ല.[21]

### ഒരു ഓടിപ്പോകൽ (13:37-14:33)

"എന്നാൽ അബ്ശാലോം ഓടിപ്പോയി, അമ്മീഹൂദിന്റെ മകനായി ഗെശൂർ രാജാവായ താല്മായിയുടെ അടുക്കൽ ചെന്നു" (13:37). താല്മായിയെ ഓർക്കുന്നുണ്ടോ? അദ്ധ്യായം 3-ൽ നാം അവനെ കുറിച്ചു വായിക്കുന്നു. അത് അബ്ശാലോമിന്റെ അമ്മയുടെ അപ്പനായിരുന്നു. അബ്ശാലോം തന്റെ അമ്മയുടെ വല്യപ്പന്റെ, ഗെശൂർ രാജാവിന്റെ അടുക്കലേക്കാണ് പോയത്. ഒരുപക്ഷെ അബ്ശാലോമിന് തന്റെ വല്യപ്പനുമായി പ്രത്യേക ബന്ധം ഉണ്ടായിരുന്നിരിക്കാം. ഒരുപക്ഷെ അവനു ശക്തനായ ഒരപ്പന്റെ ആവശ്യം ഉണ്ടായിരുന്നേക്കാം. ഒരുപക്ഷെ കഴിവതും യെരുശലേമിൽ നിന്ന് വളരെ അകലെ പോകുവാൻ അവൻ ആഗ്രഹിച്ചിരിക്കണം (ഗെശൂർ വളരെ അധികം വടക്കോട്ടായിരുന്നു[22]).

മൂന്നുവർഷം കടന്നുപോയി - മൂന്നു നീണ്ട വർഷം. പതുക്കെ, ദാവീദിന്റെ ഉള്ളിലെ വേദന ശമിച്ചുതുടങ്ങുകയും, "അമ്നോനെ കുറിച്ച് അവനാ

ശ്വാസം കൊള്ളുകയും ചെയ്തു" (13:39). പിന്നെ, "ദാവീദ്‌രാജാവ് അബ്ശാലോമിനെ കാൺമാൻ വാഞ്ഛിച്ചു" (13:39). ദാവീദ് പോകാതിരുന്നതെന്തുകൊണ്ടാണ്? അവന്റെ ഉള്ളിൽ[23] അബ്ശാലോമിന്നു പ്രത്യേക ഒരു സ്ഥാനം ഉണ്ടായിരുന്നു. ഇപ്പോൾ അമ്നോൻ മരിച്ചു, അബ്ശാലോം മൂത്ത മകൻ[24] ആയിരുന്നു. ദാവീദ് എന്തുകൊണ്ടു കാര്യങ്ങൾ അവനുമായി ക്രമപ്പെടുത്തിയില്ല?

നാം കണ്ടതിനേക്കാൾ പ്രായമുള്ളതായി തോന്നുന്ന, ദാവീദ്, ചോദ്യത്തിനുത്തരമായി തലയാട്ടിയേക്കാം. "ഞാൻ രാജാവാണ്. എനിക്ക് എന്നെ കുറിച്ചു അഭിമാനമുണ്ട്. എനിക്കു അതു ചെയ്യാൻ കഴിയുകയില്ല."

അതുകൊണ്ട്, ഒന്നും സംഭവിച്ചില്ല.

അബ്ശാലോമിനെ തിരിച്ചു യെരുശലേമിൽ[25] കൊണ്ടുവന്നു ദാവീദിനെ ലജ്ജിപ്പിക്കുവാൻ അദ്ധ്യായം 14-ൽ യോവാബ് ഒരു ഗൂഢശ്രമം നടത്തി. നാഥാന്റെ സൂത്രം തല്ക്കാലത്തേക്കു സ്വീകരിച്ചു, ദാവീദിന്റെ അടുക്കൽ വന്നു ഒരു കഥ പറയുവാൻ അവൻ ഒരു സ്ത്രീയെ[26] വരുത്തി. അവളുടെ ഒരു മകൻ മറ്റൊരു മകനെ[27] കൊല്ലുന്നതിനെ കുറിച്ചായിരുന്നു കഥ – അത് അബ്ശാലോം അമ്നോനെ കൊന്നതിനോടു സാമ്യമുള്ളതും ആയിരുന്നു. അവളുടെ കഥ കേട്ട് ഹൃദയസ്പർശിയായ രാജാവു, കുല ചെയ്തവനോടു ക്ഷമിച്ചു. അപ്പോൾ, ആ സ്ത്രീ, പ്രാവർത്തികമായി പറഞ്ഞതു, "ഞാൻ വാസ്തവത്തിൽ പറഞ്ഞതു അബ്ശാലോമിനെകുറിച്ചായിരുന്നു. യിസ്രായേലിൽ എല്ലാവരും അവന്റെ തിരിച്ചുവരവ് ആഗ്രഹിക്കുന്നു. എന്തുകൊണ്ടാണ് നീ അവനോടു ക്ഷമിച്ചു അവനെ തിരിച്ചു കൊണ്ടുവരാത്തത്?"

തലയാട്ടി, ദാവീദ് യോവാബിനോടു, "ഞാൻ ഈ കാര്യം, സമ്മതിച്ചിരിക്കുന്നു; അതുകൊണ്ടു നീ ചെന്നു, അബ്ശാലോം കുമാരനെ കൊണ്ടുവരിക" (14:21). "അങ്ങനെ യോവാബ് പുറപ്പെട്ടു ഗെശൂരിൽ ചെന്നു, അബ്ശാലോമിനെ യെരുശലേമിലേക്കു കൂട്ടിക്കൊണ്ടുവന്നു" (14:23).

എങ്ങനെയായാലും, ദാവീദ് നല്കിയ ഹൃദയത്തെ നോവിക്കുന്ന നിർദ്ദേശങ്ങൾ, ശ്രദ്ധിക്കുക: "അവൻ തന്റെ വീട്ടിലേക്കു പോകട്ടെ, എന്റെ മുഖം അവൻ കാണരുത്" (14:24). ദാവീദ് കാണുവാൻ വാഞ്ഛിച്ച മകനായിരുന്നു (2 ശമുവേൽ 13:39). ആ മകനോടായിരുന്നു ദാവീദിന്റെ ഹൃദയം "പറ്റിച്ചേർന്നിരുന്നത്" (14:1). ഉഗ്രകോപം ഉണ്ടായിരുന്നതും ആ മകനോടായിരുന്നു (2 ശമുവേൽ 18:5, 33; ഒ.വാ. 19:60). എന്നിട്ടും അവൻ പറഞ്ഞു, "അവനെ കൊണ്ടുവരിക, എന്നാൽ എനിക്കു അവനെ കാണണ്ട." മുടിയനായ പുത്രൻ തിരിച്ചുവന്നപ്പോൾ ആ പിതാവിനു തോന്നിയ വികാരവും ദാവീദിനു തോന്നിയ വികാരവും തമ്മിലുള്ള ശക്തമായ അന്തരം ശ്രദ്ധിക്കുക: "ദൂരത്തുനിന്നു തന്നെ, അപ്പൻ അവനെ കണ്ടു, മനസലിഞ്ഞു, ഓടിച്ചെന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു, അവനെ ചുംബിച്ചു" (ലൂക്കൊസ് 15:20). ദാവീദ് പറഞ്ഞു, "അവൻ തന്റെ വീട്ടിലേക്കു പോയി അവിടെ താമസിക്കട്ടെ. എനിക്ക് അവന്റെ മുഖം കാണണ്ട."

ന്യായപ്രമാണം പറയുന്നത് അബ്ശാലോം ചെയ്ത കൊലക്കുറ്റത്തിന് അവനെ കല്ലെറിഞ്ഞുകൊല്ലുവാൻ ദാവീദ് അനുവദിക്കേണ്ടിയിരുന്നു എന്നാണ്, പക്ഷെ ദാവീദിന്, അതേ ന്യായപ്രമാണത്താൽ കുറ്റക്കാരനായതുകൊണ്ട്, അതു ചെയ്യുവാൻ കഴിഞ്ഞില്ല. നേരെ മറിച്ചു, ദാവീദ് അബ്ശാലോമിനെ ശിക്ഷിക്കുന്നില്ലെങ്കിൽ, അവനോടു ക്ഷമിക്കുകയും അവനെ രാജധാനിയിൽ[28]

പൂർണ്ണ ബഹുമതിയോടെ യഥാസ്ഥാനപ്പെടുത്തുകയും വേണം. ദാവീദ് അതിനു തയ്യാറായില്ല, അതുകൊണ്ടു അവൻ ഒന്നും ചെയ്തില്ല.

"രാജാവിന്റെ മുഖം കാണാതെ രണ്ടു സംവൽസരം മുഴുവനും, അബ്ശാലോം യെരുശലേമിൽ പാർത്തു" (14:28). അബ്ശാലോം തന്റെ വെല്യപ്പന്റെ അടുക്കൽ മൂന്നു സംവൽസരം പാർത്തു. ഇപ്പോൾ രണ്ടുവർഷമായി അവൻ തന്റെ വീട്ടിൽ ഏകനായി കഴിയുന്നു. അബ്ശാലോം അഞ്ചു സംവൽസരം മുഴുവനും അവന്റെ അപ്പന്റെ മുഖം കണ്ടില്ല!

സാഹചര്യം സമ്മർദ്ദത്തിലാക്കുവാൻ അബ്ശാലോം തീരുമാനിച്ചു, "എന്നെ-കളിക്കുവാൻ-കൂട്ടുക-അല്ലെങ്കിൽ-എന്നെ-വിറ്റു-കളയുക"[29] എന്ന സമ്മർദ്ദം അവൻ ചെലുത്തി. യോവാബ് തനിക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കണമെന്ന് അബ്ശാലോം ആഗ്രഹിച്ചു, എന്നാൽ യോവാബ് അവനെ അവഗണിച്ചു.[30] അവന്റെ ശ്രദ്ധ കിട്ടുവാനായി അബ്ശാലോം തന്റെ ഭൃത്യന്മാരെ അയച്ചു യവം വിളഞ്ഞുനിന്ന യോവാബിന്റെ നിലം ചുട്ടുകളഞ്ഞു![31] അപ്പോൾ യോവാബ് അബ്ശാലോമിനുവേണ്ടി രാജാവിന്റെ അടുക്കൽ പോയി, അവസാനം, അഞ്ചു വർഷത്തിനുശേഷം, ദാവീദ് തന്റെ മകനെ വിളിപ്പിച്ചു. ഒടുവിൽ അവർക്കു എല്ലാം തുറന്നു പറയുവാനുള്ള അവസരം ലഭിച്ചു. അവസാനം അവർക്കു ഒരുമിച്ചു സംസാരിക്കുവാൻ സാധിച്ചു. അവസാനം കാര്യങ്ങളെ നിയന്ത്രിക്കുമാറാക്കി. അവസാനം അവർ തമ്മിൽ രമ്യതയിലായി. എങ്ങനെയായാലും, 14:33-ന്റെ അവസാനരംഗം, ശ്രദ്ധിക്കുക: "അവൻ [അബ്ശാലോം] രാജാവിന്റെ അടുക്കൽ ചെന്നു രാജാവിന്റെ മുമ്പാകെ സാഷ്ടാംഗം വീണു നമസ്കരിച്ചു, രാജാവ് അബ്ശാലോമിനെ ചുംബിച്ചു." ആ രംഗം നിങ്ങൾക്ക് എങ്ങനെ തോന്നി എന്നെനിക്കറിയില്ല, എന്നാൽ ചുംബനം സാധാരണ വന്ദനം ആയിരുന്നുവെന്നു അറിയുമ്പോൾ, അതു പുതുമ ഇല്ലാത്ത, ശക്തമല്ലാത്ത ഒന്നായി എനിക്കു തോന്നി.

ഇന്നത്തെ വാക്കുകളിൽ അതിനെ മാറ്റുക: അവൻ മാസങ്ങളായി തന്റെ അപ്പനോട് ഒന്നു സംസാരിക്കുവാൻ അവസരവും സ്ഥലവും നോക്കിയിരിക്കുകയായിരുന്നു. അവസാനം, അവൻ വരാന്തയിൽ തന്റെ അപ്പന്റെ മുൻപിൽ നിൽക്കുന്നു. കാലുകൾ പിണച്ചു, അവൻ അപ്പന്റെ മുഖത്തേക്കുപോലും നോക്കാതെ പതുക്കെ പറയും, "അപ്പാ, എന്നോടു ... എന്നോടു ക്ഷമിക്കൂ." അപ്പൻ ഒരുനിമിഷം ആലോചിച്ചിട്ട്, ശാന്തമായ സ്വരത്തിൽ പറയും, "ങ്ഹാ ശരി ... ഇനി ആവർത്തിക്കരുത്. ... *നമുക്ക് അതു വിട്ടുകളയാം.*"

പിന്നെയും ദാവീദ് വാസ്തവത്തിലുള്ള ആശയവിനിമയം തന്റെ മകനോടു നടത്തിയില്ല.

**കലാപം (15:1-16:23)**

അദ്ധ്യായം 15-ൽ തന്റെ അപ്പനെതിരായി ഗൂഢാലോചന പ്രാവർത്തികമാക്കിയപ്പോൾ അബ്ശാലോമിന്റെ ഉള്ളിൽ വളർന്ന നീരസം അതിന്റെ പരമോന്നതിയിലെത്തി. ആളുകളുടെ ഹൃദയം കവരുവാൻ[32] അബ്ശാലോം നാലു വർഷം[33] പരിശ്രമിച്ചു. രാജകീയ രഥത്തിൽ[34] തന്നെ ഉയർന്നുകാണത്തക്കവിധത്തിൽ രാജ്യം മുഴുവൻ അവൻ സഞ്ചരിച്ചു, അവനു ചുറ്റും കാവൽക്കാരായി അൻപതു ഓട്ടക്കാർ സേവിച്ചു. (അവൻ തന്നെത്താൻ ഒരു പ്രദക്ഷിണ വസ്തുവായിരുന്നു!) രാജാവിന്റെ താഴ്വരയിൽ[35] അവൻ തനിക്കായി ഒരു തൂൺ സ്ഥാപിച്ചു, അത് ആളുകളുടെ മുൻപിൽ അവന്റെ പേർ നിലനിർത്തുവാൻ

ആയിരുന്നു.[36] ഓരോ ദിവസവും, അവൻ രാജധാനിയുടെ വാതിൽക്കൽ നിന്ന് രാജാവിന്റെ വിധിക്കായി വന്നവരെ തടുത്തു. വാക്കുകളാലും പ്രവൃത്തികളാലും, അവൻ ആളുകളുടെ ഉള്ളിലേക്ക് ഈ ചിന്തകൾ നൽകി: "എന്റെ അപ്പനുവിപരീതമായി, ഞാൻ എല്ലാവർക്കും സമീപസ്ഥനും ന്യായസ്ഥനുമാണ്!"[37]

അവസാനം, സിംഹാസനത്തിനായി അവന്റെ അവകാശങ്ങൾ ഉന്നയിക്കേണ്ട സമയം വന്നു. അതു പ്രഖ്യാപിക്കേണ്ട സ്ഥലമായി അവൻ തിരഞ്ഞെടുത്തത് ഹെബ്രോനാണ്. ഹെബ്രോൻ ശരിയായ ഒരു തിരഞ്ഞെടുപ്പായിരുന്നു. അത് യെരുശലേമിൽ നിന്ന് കുറച്ച് അകലെയായിരുന്നു. യിസ്രായേല്യരുടെ മനസ്സിൽ അപ്പോഴും ആ സ്ഥലത്തിന് പ്രത്യേകത ഉണ്ടായിരുന്നു. ദാവീദ് തലസ്ഥാനം ഹെബ്രോനിൽ നിന്ന് യെരുശലേമിലേക്കു മാറ്റിയത് ഒരുപക്ഷെ അതിലെ പൗരന്മാർക്ക് ഇഷ്ടപ്പെട്ടിരിക്കയില്ല. കൂടാതെ, അത് അബ്ശാലോമിന്റെ ജന്മ സ്ഥലമായിരുന്നു; മാതൃസ്ഥലം ഇഷ്ടപ്പെട്ട കുട്ടി ആയിരുന്നു അബ്ശാലോം.

താൻ പോയ സ്ഥലത്തെല്ലാം അബ്ശാലോം പുരുഷാരത്തെ ആകർഷിച്ചതുകൊണ്ട്, അവൻ ഹെബ്രോനിലേക്കു[38] പോകുവാൻ ആഗ്രഹിക്കുന്നത് തന്റെ വല്യപ്പനോടുകൂടെ[39] പാർത്തിരുന്ന സമയത്ത് നേർന്ന ഒരു നേർച്ച സഫലമാക്കുവാനാണെന്നു പറഞ്ഞുകൊണ്ടാണ് അവൻ തന്റെ അപ്പനോടു യഥാർത്ഥ ഉദ്ദേശം മറച്ചുവെച്ചത്. അബ്ശാലോം സിറിയയിൽ നിന്നു വന്നിട്ട് ആറുവർഷത്തിലധികം ആയിരുന്നതുകൊണ്ടു, ആ കഥ അടിസ്ഥാനരഹിതമായിരുന്നു, എന്നാൽ ദാവീദ് തുടർന്നും എളുപ്പത്തിൽ പ്രലോഭിക്കപ്പെട്ടു.[40] ദാവീദ് പറഞ്ഞു, "സമാധാനത്തോടു പോക" (15:9). ഈ വാക്കുകൾ, അവൻ തന്റെ പുത്രനോടു സംസാരിച്ച അവസാനവാക്കുകൾ, പ്രതീക്ഷിച്ചതിനു വിപരീതമായി, കാരണം അബ്ശാലോം പോയശേഷം അവനും, ദാവീദിനും, അല്ലെങ്കിൽ ദേശത്തിനും സമാധാനം ഉണ്ടായിരുന്നില്ല.

ഓട്ടക്കാരെ ദേശം മുഴുവനും അയക്കുകയും, ഹെബ്രോനിൽ വലിയ പുരുഷാരം തിങ്ങിക്കൂടുകയും ചെയ്തു. കാഹളനാദം കേട്ടപ്പോൾ, അവരെല്ലാവരും ആർത്തുവിളിച്ചു, "അബ്ശാലോം ഹെബ്രോ നിൽ രാജാവായിരിക്കുന്നു" (15:10).[41]

"അനന്തരം ഒരു ദൂതൻ ദാവീദിന്റെ അടുക്കൽ വന്നു, അറിയിച്ചു, 'യിസ്രായേല്യരുടെ ഹൃദയം അബ്ശാലോമിനോടു യോജിച്ചുപോയി'" (15:13). ദാവീദിന്റെ ഏറ്റവും വിശ്വസ്ത ഉപദേശകനായിരുന്ന, അഹീഥോഫെൽ പോലും, അബ്ശാലോമിന്റെ വശത്തായി തീർന്നു.[42] ദാവീദിനെ ഉന്മൂലനാശം വരുത്തി. വാൾ തുടർന്നും വെട്ടുകയും മുറിവേല്പിക്കുകയും ചെയ്തു.

> അപ്പോൾ ദാവീദ് യെരുശലേമിൽ തന്നോടുകൂടെയുള്ള സകലഭൃത്യന്മാരോടും, "നാം എഴുന്നേറ്റു ഓടിപ്പോക, അല്ലെങ്കിൽ നമ്മിൽ ആരും അബ്ശാലോമിന്റെ കയ്യിൽ നിന്നു തെറ്റിപ്പോകയില്ല. അവൻ പെട്ടെന്നു വന്നു നമ്മെ പിടിച്ചു നമുക്കു അനർത്ഥം വരുത്തുകയും പട്ടണത്തെ വാളിന്റെ വായ്ത്തലയാൽ നശിപ്പിക്കയും ചെയ്യാതിരിക്കേണ്ടതിന്നു, ക്ഷണത്തിൽ പുറപ്പെടുവിൻ" (15:14)

രാജധാനി നോക്കുവാനായി ദാവീദ് പത്തു വെപ്പാട്ടികളെ ആക്കിയിരു

ന്നു; പിന്നെ അവനും അവന്റെ രാജഭൃത്യന്മാരും പട്ടണം വിട്ടുപോയി. അത് ദാവീദിന്റെ ജീവിതത്തിലെ ഏറ്റവും താഴ്ന്ന നിമിഷങ്ങളായിരുന്നു.

> അങ്ങനെ രാജാവു പുറപ്പെട്ടു അവന്റെ ഗൃഹമൊക്കെയും അവനെ പിഞ്ചെന്നു....
>
> ... ദേശത്തൊക്കെയും വലിയ കരച്ചലായി, ജനമെല്ലാം [ചെറിയ തോടു] കടന്നുപോയി. രാജാവും കിദ്രോൻതോടു കടന്നു, ...
>
> ദാവീദ് തല മൂടിയും, ചെരിപ്പിടാതെയും, നടന്നു കരഞ്ഞുംകൊണ്ടു ഒലിവുമലയുടെ കയറ്റം കയറി. കൂടെയുള്ള ജനമൊക്കെയും തല മൂടി കരഞ്ഞുംകൊണ്ടു കയറിച്ചെന്നു (15:16, 23, 30).

ദാവീദിന് ഓടിപോകുവാൻ പല കാരണങ്ങൾ ഉണ്ടായിരുന്നു. ദൈവനഗരത്തിൽ രക്തമൊഴുക്കുവാൻ അവൻ ആഗ്രഹിച്ചില്ല. അവൻ നഗരത്തെ സംരക്ഷിക്കുവാൻ ആഗ്രഹിച്ചു. എങ്ങനെയായാലും, നമ്മുടെ വേദഭാഗം നൽകുന്ന സൂചന, അവൻ ഭയന്നതുകൊണ്ടാണ് ഓടി പോയത് എന്നാണ്: "നാം എഴുന്നേറ്റു ഓടിപ്പോക, അല്ലെങ്കിൽ നമ്മിൽ ആരും അബ്ശാലോമിന്റെ കയ്യിൽ നിന്നു തെറ്റിപ്പോകയില്ല. അവൻ പെട്ടന്നു വന്നു നമ്മെ പിടിച്ചു നമുക്കു അനർത്ഥം വരുത്താതിരിക്കേണ്ടതിന്നു, ക്ഷണത്തിൽ പുറപ്പെടുവിൻ" (15:14).[43] ബത്ത്ശേബയുമായി പാപം ചെയ്യുന്നതിനു മുൻപായിരുന്നുവെങ്കിൽ, ദാവീദ് ഈ വിധത്തിൽ പ്രതികരിക്കുമായിരുന്നില്ല.[44] അവന്റെ ജീവിതം നിയന്ത്രണമില്ലാത്തതാകുകയും, തനിക്കുവേണ്ടി മറ്റുള്ളവർ തീരുമാനങ്ങൾ എടുക്കുവാൻ അനുവദിക്കുകയും ചെയ്തു.

അധികം താമസിക്കാതെ അബ്ശാലോമും അവന്റെ സൈന്യവും യെരുശലേമിലേക്ക് നടന്നടുത്തു. അത്ര എളുപ്പമായി തീർന്നതിൽ അബ്ശാലോം ഒരുപക്ഷെ അതിശയിച്ചുകാണും. അവൻ വിചാരിച്ചത് ഒരു യുദ്ധം തന്നെ വേണ്ടിവരുമെന്നായിരുന്നു. അവൻ അഹീഥോഫെലിനോടു ചോദിച്ചു (അവന്റെ അപ്പന്റെ മുൻ ഉപദേഷ്ടാവും ഇപ്പോൾ അവന്റേതും [2 ശമുവേൽ 16:23]), "നാം [ഇനി] ചെയ്യേണ്ടതു എന്തു?" (16:20). അഹീഥോഫെൽ പറഞ്ഞു, "രാജധാനി സൂക്ഷിപ്പാൻ നിന്റെ അപ്പൻ പാർപ്പിച്ചിട്ടുള്ള, അവന്റെ വെപ്പാട്ടികളുടെ അടുക്കൽ നീ ചെല്ലുക" (16:21). ഈ പ്രവർത്തിയാൽ, അബ്ശാലോം ആളുകൾക്കു മൂന്നു കാര്യങ്ങൾ കാണിച്ചുകൊടുക്കും: അവൻ തന്റെ അപ്പന്റെ രാജസ്ഥാനം കരസ്ഥമാക്കി, അവൻ തന്റെ അപ്പനെ ഭയക്കുന്നില്ല, അവനും തന്റെ അപ്പനുമായിട്ടുള്ള സകല ബന്ധവും പുനഃസ്ഥാപിക്കുവാൻ കഴിയാത്തവിധത്തിൽ ഛേദിച്ചുകളഞ്ഞു.[45] "അങ്ങനെ അവർ അബ്ശാലോമിന്നു വെൺമാടത്തിന്മേൽ ഒരു കൂടാരം അടിച്ചു [രാജധാനിയുടെ – ഇതെല്ലാം ആരംഭിച്ചതായ സ്ഥലത്ത്], അവിടെ അബ്ശാലോം എല്ലാ യിസ്രായേലും കാൺകെ തന്റെ അപ്പന്റെ വെപ്പാട്ടികളുടെ അടുക്കൽ ചെന്നു" (16:22).

കൊയ്ത്തിന്റെയും വിതെയുടെയും രണ്ടു നിയമങ്ങൾ ഓർക്കുക: നിങ്ങൾ അതേ തരത്തിൽ തന്നെ കൊയ്യും, എന്നാൽ നിങ്ങൾ വിതെക്കുന്നതിലധികവും കൊയ്യും. ദാവീദ് ഒരു സ്ത്രീയുമായി മാത്രം വ്യഭി ചാരം ചെയ്തു; എന്നാൽ അബ്ശാലോം പത്തുപേരോടുകൂടെ ആയിരുന്നു. ദാവീദിന്റെ വ്യഭിചാരം രഹസ്യത്തിലായിരുന്നു; അബ്ശാലോമിന്റേത്, "സകല യിസ്രായേല്യരും കാൺകെ" പരസ്യമായിട്ടായിരുന്നു. അങ്ങനെ ദാവീദിന്റെ പാപത്തിന്റെ അനന്തരഫലത്തെ

കുറിച്ചുള്ള ഏറ്റവും ദുഃഖകരമായ പ്രവചനം നിറവേറി:

> യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, "നിന്റെ സ്വന്ത ഗൃഹത്തിൽ, നിന്നു ഞാൻ നിനക്കു അനർത്ഥം വരുത്തും; നീ കാൺകെ ഞാൻ നിന്റെ ഭാര്യമാരെ എടുത്തു, നിന്റെ കൂട്ടുകാരന്നു കൊടുക്കും, അവൻ ഈ സൂര്യന്റെ വെട്ടത്തു തന്നേ നിന്റെ ഭാര്യമാരോടുകൂടെ ശയിക്കും" (2 ശമുവേൽ 12:11).

അബ്ശാലോം മട്ടുപ്പാവിലെ കൂടാരത്തിൽ നിന്ന് വന്ന്, പുരുഷാരത്തെ നോക്കി ചിരിച്ചുകൊണ്ട്, വിജയസൂചകമായി കൈ വീശുന്നതു എനിക്കു കാണാം. തന്റെ അപ്പൻ എന്തിനുവേണ്ടി നിലകൊണ്ടുവോ അതിനെയെല്ലാം എതിർത്തപ്പോൾ, അവന്റെ അപ്പനോടുള്ള നീരസവും വിദ്വേഷവും അവനെ എത്ര മാത്രം അപ്പനിൽ നിന്നകറ്റി![46]

ഇവിടെ ഞാൻ അല്പം നിർത്തി ആ മത്സരിയായ യുവാവിനോടു ചില വാക്കുകൾ പറയട്ടെ: അബ്ശാലോമേ, നിന്റെ അപ്പൻ വാസ്തവത്തിൽ ആകേണ്ടതുപോലെ ഒരു പിതാവായി തീർന്നില്ല എന്നത് ശരിയാണ്. അവൻ നിന്നെ ഉപേക്ഷിച്ചു എന്നതും വാസ്തവമാണ്. അവൻ പാപത്തിനിരയായി, അതു-മറെക്കുവാനുള്ള ശ്രമത്തിൽ നിരവധി പാപങ്ങൾ വേറെയും ചെയ്തു എന്നതും ശരിയാണ്. നീ യെരുശലേമിലേക്കു തിരിച്ചു വന്നപ്പോൾ നിന്നോടു നിരപ്പു പ്രാപിക്കുവാൻ അവൻ ശ്രമിച്ചില്ല എന്നതും വാസ്തവമാണ്. എങ്ങനെയായാലും, അവ, നീ ഈ ചെയ്യുന്നതിനു ഒഴികഴിവാണോ?

അബ്ശാലോമിന്റെ മുഖത്തെ ചിരി മാറ്റി, ഒരുപക്ഷെ അവൻ ഇങ്ങനെ പറയുമായിരിക്കാം, "അതെ, ഒരായിരം പ്രാവശ്യം, ശരിയാണ്!"

അബ്ശാലോമേ, ഒരു നിമിഷം നിൽക്കുക. മത്സരിക്കാതെ,[47] ഗൂഢാലോചനക്കു ഉത്തരവാദികളാവാതെ, ഒരു കലാപവും നടത്താതെ നിന്റെ അതേ വീട്ടിലും ചുറ്റുപാടിലും വളർന്ന ചുരുങ്ങിയ മറ്റു പതിനെട്ടു കുട്ടികളെ എനിക്കറിയാം.

തന്റെ അപ്പൻ വിതെച്ചതായിരുന്നു അവൻ കൊയ്തത് എന്ന കാര്യം അബ്ശാലോം മനസ്സിലാക്കിയില്ല. അതേ തത്വങ്ങൾ തന്റെ ജീവിതത്തിലും ബാധകമാണെന്ന് അബ്ശാലോം മനസ്സിലാക്കിയില്ല. അവന് സ്വതന്ത്രമായി തിരഞ്ഞെടുക്കാമായിരുന്നു; അവൻ സ്വീകരിച്ച പ്രവൃത്തികൾ ചെയ്യുവാൻ ആരും അവനെ നിർബന്ധിച്ചതല്ല. അതിനു അവൻ തന്നെ ആയിരുന്നു ഉത്തരവാദി. താൻ ചെയ്തതിനു അവനു അപ്പനിൽ കുറ്റം ചുമത്തുവാൻ കഴിഞ്ഞില്ല. എന്നെ ശ്രദ്ധിക്കുക: നിങ്ങൾ, വിതെക്കുന്നതാണ്, നിങ്ങളും, കൊയ്യുന്നത്!

ഞാൻ പറഞ്ഞത് സത്യമല്ലേ? ഞാൻ ഉറപ്പിച്ചു പറയട്ടെ, ഇന്നു അബ്ശാലോം ഇവിടെ ഉണ്ടെങ്കിൽ, അവൻ പറയും, "ആമേൻ, അത് സത്യമാണ്!" ആ സംഭവത്തിന്റെ അവസാനം ശ്രദ്ധിക്കുക:

**കണക്കിടൽ (18:1-33)**

അദ്ധ്യായം 18-ൽ ദാവീദിന്റെ സൈന്യം അബ്ശാലോമിന്റെ സൈന്യത്തെ നേരിടുവാൻ ഒരുങ്ങി. തന്റെ സൈന്യത്തിന് ആജ്ഞ കൊടുക്കുന്നവരോടു ദാവീദു പറഞ്ഞു, "അബ്ശാലോം കുമാരനോടു എന്നെ ഓർത്തു കനിവോടെ പെരുമാറുവിൻ" (വാ. 5, സങ്കീർത്തനങ്ങൾ 103:13-ലെ ദാവീദിന്റെ വാക്കുകൾ ശ്രദ്ധിക്കുക).

യുദ്ധം തുടങ്ങി. ഇരുപതിനായിരം പുരുഷന്മാർ കൊല്ലപ്പെട്ടു. താൻ രാജാവായിരിക്കുന്നേടത്തോളം തന്നെ നിയന്ത്രിക്കുന്നത് ഇഷ്ടമല്ലാത്ത അബ്ശാലോം കുമാരന് എത്ര പേർ മരിച്ചാലും പ്രശ്നമല്ലായിരുന്നു. ഒരു മകന്റെ ഹൃദയത്തിലെ കയ്പ്പും പകയും നിമിത്തം ഇരുപതിനായിരം പേർ മരിച്ചുവീണു.

എഫ്രയീം[48] വനാന്തരങ്ങളിൽ ആയിരുന്നു മിക്ക യുദ്ധവും നടന്നിരുന്നത്. യുദ്ധത്തിനിടയിൽ, "അബ്ശാലോം കോവർകഴുതപ്പുറത്തു ഓടിച്ചുപോകുമ്പോൾ, കോവർകഴുത കൊമ്പു തിങ്ങിനില്ക്കുന്ന ഒരു വലിയ കരുവേലകത്തിൻ കീഴെ എത്തി. അവന്റെ തലമുടി കരുവേലകത്തിൽ പിടിപെട്ടു" (18:9). അബ്ശാലോമിന്റെ ഇടതിങ്ങിയ, സമർത്ഥമായ മുടി കൊമ്പുകൾക്കിടയിൽ കുരുങ്ങിയോ അതോ അവന്റെ തല രണ്ടുകൊമ്പുകൾക്കിടയിൽ കുരുങ്ങിയോ എന്ന് അറിയില്ല. ഏതെങ്കിലും വിധത്തിൽ, എങ്ങനെയായാലും, അവന്റെ മുടി കുരുങ്ങി (അല്ലെങ്കിൽ, അവന് അതിൽ നിന്ന് മോചിതനാകാമായിരുന്നു).[49] അവസാനം, അവൻ അഭിമാനം കൊണ്ടിരുന്ന തന്റെ മനോഹരമായ മുടിതന്നെ അവന്റെ വീഴ്ച്ചക്കു ഹേതുവായി. "അവന്റെ തലമുടി കരുവേലകത്തിൽ പിടിപെട്ടിട്ടു അവൻ ആകാശത്തിനും ഭൂമിക്കും മദ്ധ്യേ തൂങ്ങി, അവന്റെ കീഴിൽനിന്നു കോവർകഴുത ഓടിപ്പോയി" (18:9). അവൻ മുൻപോട്ടും പുറകോട്ടും ചാഞ്ഞ്, ക്ഷോഭത്തോടെ കൊമ്പുകൾക്കിടയിൽ നിന്ന് മുടികൾ കൈകൊണ്ട് വേർപെടുത്തി, ആ മരണപിടിയിൽ നിന്നു രക്ഷപ്പെടുവാൻ ശ്രമിച്ചു.[50]

അബ്ശാലോമിന്റെ ആ അവസ്ഥ ഒരു പടയാളി ചെന്ന് യോവാബിനെ അറിയിച്ചു. യോവാബ് ഉച്ചത്തിൽ, "നീ അവനെ കണ്ടിട്ടു അവിടെവെച്ചുതന്നേ വെട്ടിക്കളയാഞ്ഞതു എന്തു?" (18:11). ആ പുരുഷൻ തലയാട്ടി. "'അബ്ശാലോം കുമാരനെ ആരും തൊടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ' എന്നു രാജാവു, നിന്നോടും അബീശായിയോടും ഇത്ഥായിയോടും, ഞങ്ങൾ കേൾക്കെയല്ലോ കല്പിച്ചതു!" (18:12).

ക്രോധത്തോടെ, യോവാബ് അബ്ശാലോം ഉണ്ടായിരുന്ന സ്ഥലത്തേക്കു ഓടി. ദാവീദ് ബത്ത്ശേബയുമായി പാപം ചെയ്യുന്നതിനു മുൻപ് രാജകല്പന ലംഘിക്കുന്നതിനെ കുറിച്ച് യോവാബിന് ആലോചിക്കുവാൻ പോലും കഴിയുമായിരുന്നില്ല. എങ്ങനെയായാലും, ഇപ്പോൾ, സൈന്യാധിപൻ മടി കാണിച്ചില്ല. ആ യുവാവിന്റെ ഹൃദയത്തിനുള്ളിലേക്ക്[51] മൂന്നു കുന്തം കൊണ്ടു അവൻ കുത്തി. പിന്നെ യോവാബിന്റെ പത്തു ആയുധ-ധാരികൾ അവരുടെ കുന്തങ്ങൾ അബ്ശാലോമിന്റെ വിറെക്കുന്ന ശരീരത്തിലേക്കു കുത്തി, അങ്ങനെ ശരീരം നിറയെ കുത്തുകൊണ്ട അവൻ മനുഷ്യനെക്കാൾ സൂചി കുത്തി വയ്ക്കുന്ന ഒരു ബാഗ് പോലെ കാണപ്പെട്ടു.

അബ്ശാലോമേ, ഞാൻ നിന്നോടു പറഞ്ഞത് നീ കേട്ടോ? നീ നിന്റെ അപ്പനെതിരായി ആക്രമിക്കുവാൻ തീരുമാനിച്ചപ്പോൾ വരുവാനുള്ളതിനെ കുറിച്ച് നീ ചിന്തിച്ചോ? "ഒരു മനുഷ്യൻ വിതെക്കുന്നതുതന്നെ, അവൻ കൊയ്യും."

യുദ്ധത്തിലെ വർത്തമാനവുമായി സന്ദേശവാഹകർ ദാവീദിന്റെ അടുക്കൽ എത്തി. "ആരു ജയിച്ചു? ആരു തോറ്റു? എത്ര പേർ ഗുരുതരമായി തീർന്നു?" എന്നല്ല, ദാവീദ് ചോദിച്ചത്. പകരം, അവന്റെ അടുക്കലേക്കുവന്ന ആദ്യ പുരുഷനോടു അവൻ ചോദിച്ചത്, "അബ്ശാലോം കുമാരന് സുഖം തന്നെയല്ലോ?" എന്നായിരുന്നു (18:29). രണ്ടാമത്തെ സന്ദേശവാഹകൻ വന്നപ്പോൾ, ദാവീദ് വീണ്ടും ചോദിച്ചു, "അബ്ശാലോം കുമാരന് സുഖം തന്നെയല്ലോ?" (18:32).

രണ്ടാമത്തെ സന്ദേശവാഹകൻ മറുപടി പറഞ്ഞു, "അതിന്നു കൂശ്യൻ യജമാനനായ രാജാവിന്റെ ശത്രുക്കളും, നിന്നോടു ദോഷം ചെയ്‌വാൻ എഴുന്നേല്ക്കുന്ന എല്ലാവരും, ആ കുമാരനെപ്പോലെ ആകട്ടെ!" (18:32). മറ്റൊരു വാക്കിൽ പറഞ്ഞാൽ, "നിന്റെ മകൻ മരിച്ചുപോയി!"

അത് അബ്ശാലോമിന്റെ ഹൃദയത്തിൽ തറെച്ച കുന്ത മുനകൾ എല്ലാം ദാവീദിൽ ചെന്നു തറെച്ചതുപോലെയായിരുന്നു. അപ്പോൾ നമുക്കുള്ള ബൈബിളിലെ ഏറ്റവും ദുഃഖകരമായ ചില വാക്കുകൾ, മനസാക്ഷിയുള്ള ഓരോ അപ്പന്മാരെയും വേട്ടയാടുക തന്നെ ചെയ്യും:

> ഉടനെ രാജാവു നടുങ്ങി പടിപ്പുര മാളികയിൽ കയറി. "എന്റെ മകനേ അബ്ശാലോമേ, എന്റെ മകനേ, എന്റെ മകനേ അബ്ശാലോമേ! ഞാൻ നിനക്കു പകരം മരിച്ചെങ്കിൽ കൊള്ളായിരുന്നു, അബ്ശാലോമേ, എന്റെ മകനേ, എന്റെ മകനേ!" എന്നിങ്ങനെ പറഞ്ഞു, കരഞ്ഞു കൊണ്ടു നടന്നു (18:33).

പിതാക്കന്മാരേ, നിങ്ങൾ നിങ്ങളുടെ മക്കൾക്കായി സമയം കണ്ടെത്തിയില്ലെങ്കിൽ, നിങ്ങൾ ആകേണ്ട ആളുകളായി തീർന്നില്ലെങ്കിൽ, നിങ്ങളുടെ പുത്രന്മാരോടും പുത്രിമാരോടും നിങ്ങൾ എന്താണു ചെയ്യുന്നത് എന്നു നിങ്ങൾക്ക് അറിയാമോ? ഹൃദയങ്ങളിൽ മാതാപിതാക്കളോടു കയ്പ്പുവെച്ചുകൊണ്ടിരിക്കുന്ന മക്കളെ, നിങ്ങളുടെ പ്രവൃത്തികൾക്ക് നിങ്ങൾ തന്നെ ഉത്തരവാദികളാണെന്ന് തിരിച്ചറിയുന്നുണ്ടോ – നിങ്ങളുടെ മാതാപിതാക്കളുടെ ഹൃദയങ്ങളെ ഭേദിക്കുകയാണ് നിങ്ങൾ ചെയ്യുന്നതെന്ന് നിങ്ങൾ തിരിച്ചറിയുന്നുണ്ടോ?

രണ്ടോ മൂന്നോ സാക്ഷികളുടെ വായ്മൊഴിയാൽ, ഒരു കാര്യം ഉറപ്പാണ്. അബ്ശാലോം എന്റെ വലത്താണ്. ദാവീദ് എന്റെ ഇടത്താണ്.[52] അവർ പൗലൊസിന്റെ വികാരത്തെ കുറിച്ചു വീണ്ടും പറയുന്നതു കേൾക്കുക: "ഒരു മനുഷ്യൻ വിതെക്കുന്നത് തന്നെ, അവൻ കൊയ്യും" – പാപമോചനം ഉണ്ട് എങ്കിലും.

**ഉപസംഹാരം**

നമ്മിൽ ആരും പൂർണ്ണരല്ല എന്നു നമുക്ക് അറിയാം. നാം ഏറ്റവും നന്നായി കാര്യങ്ങൾ ചെയ്താൽ പോലും, നാം പാപം ചെയ്തേക്കാം. അപ്പോഴും, നാം ശ്രമിക്കേണ്ടത്, ദൈവസഹായത്താൽ കഴിവതും പരീക്ഷണങ്ങളിൽ നിന്ന് അകന്നുമാറുവാനും – നമ്മുടെ ഉള്ളിൽ വേരൂന്നിയ പാപത്തെ എടുത്തുകളയുവാനാണ്. ഗലാത്യർ 6:7, 8–ലെ സന്ദേശം ഹൃദയത്തിൽ സംഗ്രഹിക്കുക. ദാവീദിന്റെ പാപത്തെയും അതിന്റെ ഫലത്തെയും കുറിച്ചുള്ള സന്ദേശം ഹൃദയത്തിൽ സംഗ്രഹിക്കുക. പാപം നിങ്ങളുടെ ജീവിതത്തെ നശിപ്പിക്കും. അതു നിങ്ങളുടെ വേണ്ടപ്പെട്ടവരെ നിങ്ങളിൽ നിന്ന് അകറ്റും. അതു നിങ്ങളുടെ ജീവിതത്തിലെ വിലയേറിയതും മനോഹരവുമായ കാര്യങ്ങളെ നശിപ്പിക്കുവാൻ കഴിയുന്നതാണ്. ദൈവമേ, ഞങ്ങളെ എല്ലാം – മാതാപിതാക്കളായാലും മക്കളായാലും – ഞങ്ങൾ ആകേണ്ടതുപോലെ ആകുവാൻ സഹായിക്കേണമേ!

ഞാൻ ഇതു അവസാനിപ്പിക്കുമ്പോൾ, ഊന്നി പറയുന്നത്, നമ്മുടെ പാപങ്ങളുടെ അനന്തരഫലങ്ങൾ എല്ലാം മാറ്റുവാൻ നമുക്കു സാധ്യമല്ലെങ്കിലും, ദൈവം നമ്മുടെ കുറ്റങ്ങളെ നീ*ക്കുകയും* പിന്നീട് അനന്തരഫലങ്ങളെ സഹി

ക്കുവാൻ തക്ക*ശക്തി* തരുകയും ചെയ്യും – നാം അവന്റെ അടുക്കലേക്ക് താഴ്മ യോടെ മടങ്ങിവരുകയാണെങ്കിലേ അതു സാധ്യമാകൂ. നിങ്ങളുടെ ജീവിത ത്തിൽ ഒരാവശ്യം ഉണ്ട് എങ്കിൽ, അതിനുവേണ്ടി ഇന്നേക്കാൾ വേഗത്തിൽ അതിനെ കുറിച്ചു കരുതുവാൻ സാദ്ധ്യമല്ല. പിന്നീട് അതു ചെയ്യുവാൻ കാത്തി രിക്കാതിരിക്കുക. അതു ഇന്നുതന്നെ കൈകാര്യം ചെയ്യുക.

---

**പ്രസംഗ കുറിപ്പുകൾ**

ഈ പാഠം അപ്പന്മാരെ കുറിച്ചു പറയുന്നതാണ്. മത്സരമനോഭാവത്തിന്റെ അനന്തരഫലങ്ങളെ കുറിച്ചു യുവാക്കൾക്ക് ഈ പാഠ്യപദ്ധതിയിലൂടെ നിങ്ങൾക്ക് കാണിച്ചുകൊടുക്കാം.

"പിതാക്കന്മാർ ചെയ്യുന്ന തെറ്റുകൾ" എന്നതിനെ കുറിച്ചു പ്രസംഗിക്കു വാൻ ദാവീദിന്റെ ജീവിതത്തെ എടുത്തുപയോഗിക്കാവുന്നതാണ്. വില്യം എസ്. ബനോസ്കിയുടെ ചലിപ്പിക്കുന്ന പ്രസംഗമായ, "ത്രീ ഫാദേഴ്സ് ഹൂ ഫെയിൽഡ്" എന്നത് നല്ല ഉറവിടമാണ് (*ദ നൗ ജെനറേഷൻ*) [ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ളിഷിങ് കമ്പനി., 1969], 33–45).

സങ്കീർത്തനം 41:9–ലും സങ്കീർത്തനം 55:12–14 ലുമുള്ള ദാവീദിന്റെ വാക്കു കൾ അഹീഥോഫെൽ ദാവീദിനെ ത്യജിച്ചതുകൊണ്ടു എഴുതിയ വാക്കുകളാ യിരിക്കാം. "നമ്മുടെ ഒരു സ്നേഹിതൻ നമ്മെ ഉപേക്ഷിക്കുമ്പോൾ" എന്നതിനെ കുറിച്ചുള്ള ഒരു പാഠത്തിന്റെ അടിസ്ഥാനമായി ഇതിനെ എടുക്കാം.

സങ്കീർത്തനത്തിനു മുൻപിലെ കുറിപ്പുകൾ അനുസരിച്ച്, സങ്കീർത്തന ങ്ങൾ 3 "ദാവീദിനെ കുറിച്ചുള്ള സങ്കീർത്തനമാണ്, അതു അവൻ തന്റെ മക നായ അബ്ശലോമിൽ നിന്നു ഓടി പോയപ്പോൾ" എഴുതിയതാകാം. അത് ഒന്നുകിൽ ഈ പാഠത്തോടു അല്ലെങ്കിൽ അടുത്ത പാഠത്തോടു യോജിക്കു ന്നതാണ്. സങ്കീർത്തനങ്ങൾ 3–നോടു ബന്ധപ്പെടുത്തിയുള്ളതാകാം സങ്കീർത്തനങ്ങൾ 4 (സങ്കീർത്തനങ്ങൾ 3 ഒരു "പ്രഭാത പ്രാർത്ഥന" ആണ്; സങ്കീർത്തനങ്ങൾ 4, ഒരു "സായാഹ്ന പ്രാർത്ഥന" ആണ്).

---

കുറിപ്പുകൾ

[1]കെജെവി ഉപയോഗിച്ചിരിക്കുന്നത് "ബ്യൂട്ടി" എന്ന വാക്കാണ്, അത് അക്ഷരിക തർജ്ജിമയാണ്. ഇന്നുവരെയും നാം "ബ്യൂട്ടിഫുൾ" എന്ന വാക്ക് സ്ത്രീകൾക്കുവേ ണ്ടിയും "ഹാൻഡ്സം" എന്ന വാക്ക് പുരുഷന്മാർക്കുമാണ് ഉപയോഗിക്കുന്നത്, മിക്ക ആധുനിക തർജ്ജിമകളും ഉപയോഗിച്ചിരിക്കുന്നത് ഇവിടെയുള്ള രണ്ടാമത്തെ വാക്കാ ണ്. [2]ഒരുപക്ഷെ മൂന്നു പൗണ്ടിനും അഞ്ചു പൗണ്ടിനും ഇടക്കു തൂക്കമുള്ള എന്തെ ങ്കിലും കണ്ടെത്തുവാൻ നിങ്ങൾക്കു കഴിഞ്ഞേക്കാം. അതു കയ്യിലെടുത്തു തൂക്കിയാൽ നിങ്ങൾ പറയും, "ഇതു നല്ല ഭാരമുണ്ട്." എന്നെ സംബന്ധിച്ച്, ഞാൻ എന്റെ കഷണ്ടി ത്തലയിൽ ബാഗ് വെച്ചുകൊണ്ടു, പിന്നെ പറയും, "ഇതിനു നല്ല കനമുണ്ട്," കൂടാതെ കൂട്ടിച്ചേർക്കും, "എനിക്കു ഭാരം ചുമന്നു ശീല*മില്ല*." [3]ഒരു വെപ്പാട്ടി മിസ്ട്രെസ് ആയി രുന്നില്ല. ഒരു വെപ്പാട്ടിക്ക് ഒരു ഭർത്താവും നിയമപരമായ നിലവാരവുമുണ്ടായിരുന്നു, പക്ഷെ ഭാര്യയെക്കാൾ കുറഞ്ഞ നിലവാരമായിരുന്നു ഉണ്ടായിരുന്നത്. അവളെ "രണ്ടാം തര ഭാര്യ" ആയിട്ടായിരിക്കാം കണക്കാക്കിയിരുന്നത്. [4]2 ശമുവേൽ 15:16. അവനു മറ്റു ള്ളവരും ഉണ്ടായിരുന്നു (2 ശമുവേൽ 19:5). [5]"താമാർ" എന്നതിനർത്ഥം "പന" എന്നാ

ണ്. [6]സുന്ദരനായ അബ്ശാലോമും സുന്ദരിയായ താമാറും വീഥിയിൽ കൂടെ കടന്നു പോകുമ്പോൾ എല്ലാ തലകളും അങ്ങോട്ടു തിരിയുമെന്നു നിങ്ങൾക്ക് അറിയുമല്ലോ? [7]നിങ്ങൾ ആരെയെങ്കിലും സ്നേഹിച്ചാൽ, ഒരിക്കലും അമ്നോൻ താമാറിനോടു ചെയ്തതുപോലെ ചെയ്യുകയില്ല. വാസ്തവത്തിലുള്ള സ്നേഹവും ബഹുമാനവും വേർപെടുത്താവുന്നതല്ല. [8]താമാറിനു ഒരു ഭർത്താവിനെ കണ്ടെത്തുവാൻ, രാജാവിനു അവളുടെ കന്യകാത്വത്തെ കുറിച്ചു ഉറപ്പു കൊടുക്കേണ്ടിയിരുന്നു, "കേടു വരാത്ത സാധനങ്ങൾ" പോലെയുള്ള ഉറപ്പാണത്. [9]"ദാവീദിന്റെ സഹോദരൻ ആയ, ശിമെയയുടെ മകൻ" ആയിരുന്നു യോനാദാബ് (2 ശമുവേൽ 13:3; കൂടാതെ 1 ശമുവേൽ 16:9 കൂടെ നോക്കുക); അതായത്., യോനാദാബ് ദാവീദിന്റെ അനന്തരവനും അമ്നോന്റെ അപ്പന്റെ ജ്യേഷ്ഠപുത്രനും ആയിരുന്നു. [10]"അവന്റെ കൈ യഹോവയിൽ ശക്തിപ്പെടുത്തിയ" ദാവീദിന്റെ യോനാ ഥുമായി, വളരെ വ്യത്യാസമായാണ് ഇവിടെ കാണുന്നത്. ഒരു വ്യാജ സ്നേഹിതൻ നിങ്ങളാഗ്രഹിക്കുന്നതു ലഭിക്കുവാൻ സഹായിച്ചേക്കാം, പക്ഷെ അയാൾ നിങ്ങളുടെ ഏറ്റവും നല്ലതിനെക്കുറിച്ചു ചിന്തിക്കുകയില്ല.

[11]ഒരു രാജകുമാരിക്ക് അവളുടെ ജീവിതത്തിൽ ഭൃത്യമാരാണ് പാചകവും മറ്റും ചെയ്യുന്നതെങ്കിലും, അത്തരം അറിവ് അവൾക്കുണ്ടായിരുന്നത്, എന്നെ അതിശയിപ്പിക്കുന്നു. അടിസ്ഥാനപരമായ വൈദഗ്ധ്യങ്ങൾ തങ്ങളുടെ കുട്ടികളെ പഠിപ്പിക്കണമെന്നതിൽ യെഹൂദന്മാർ വിശ്വസിച്ചിരുന്നു. [12]താമാറിന്റെ ആദ്യ എതിർപ്പ് ശക്തമായിരുന്നു: "ഇക്കാര്യത്തിൽ നിന്റെ ഉദ്ദേശം തെറ്റ്" – അത് മനുഷ്യന്റെ മുൻപാകെയും ദൈവത്തിന്റെ മുൻപാകെയും തെറ്റാണ്. അവളുടെ അടുത്ത രണ്ട് എതിർപ്പുകൾ, "അത് എന്നെയും നിന്നെയും നശിപ്പിക്കും," എന്നതും ശക്തമായിരുന്നു. ന്യായപ്രമാണത്തിൽ വിലക്കിയിരുന്നതുകൊണ്ട്, ദാവീദ് അവളെ അവന് ഭാര്യയായി കൊടുക്കുമെന്നു പറഞ്ഞ അവളുടെ അവസാന വാദം, ശക്തമല്ലായിരുന്നു (ലേവ്യാ പുസ്തകം 18:9, 11; 20:17; ആവർത്തന പുസ്തകം 27:22). തുടർന്നുള്ള സംഭവങ്ങൾ സൂചിപ്പിക്കുന്നത് കാരണങ്ങൾ ഒന്നും ശ്രദ്ധിക്കാത്ത ഒരു പുരുഷനെതിരെ ഒരു സ്ത്രീ ഉന്നയിക്കുന്ന വാദങ്ങളാണ്. ഒന്നാമത്തെ എതിർപ്പിനെ കുറിച്ച്, ദൈവജനത്തിന്റെ നിലവാരം മറ്റുള്ളവരിൽ നിന്നും ഉയർന്നതായിരിക്കണം എന്ന് ശ്രദ്ധിക്കുക: "അത്തരം കാര്യങ്ങൾ യിസ്രായേലിൽ ഉണ്ടായിട്ടില്ല" (13:12). അത് ഒരുപക്ഷെ അവർക്കു ചുറ്റുമുള്ള അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ ചെയ്തതാകാം. [13]എൻഏഎസ്ബിയിൽ "ഒരു നീണ്ട – കയ്യുള്ള വസ്ത്രം," എന്ന് ഈ കുറിപ്പോടെ കൊടുത്തിരിക്കുന്നു: "ലിറ്റ്., *എ വേരികളേർഡ് റ്റൂണിക്ക്*." അതിനെ സുന്ദരമായി മോടിപിടിപ്പിച്ചിരിക്കാം. എൻഐവി ഒരുപക്ഷെ കൂടുതൽ കൃത്യമായി അവതരിപ്പിച്ചേക്കാം: "എ റിച്ച്ലി ഓർണമെന്റഡ് റോബ്." [14]അവളുടെ തലയിൽ അവൾ വെണ്ണീരും ഇട്ടിരുന്നു (2 ശമുവേൽ 13:19) അവളുടെ കൈ തലയിലും വെച്ചിരുന്നു (വാ. 19; യിരെമ്യാവു 2:37–ൽ നോക്കുക), രണ്ടും ദുഃഖത്തെ സൂചിപ്പിക്കുന്നു. [15]പഴയ നിയമത്തിന്റെ ആദ്യ ഗ്രീക്ക് വേർഷനും പല തർജ്ജിമകളും 2 ശമുവേൽ 13:21–ന്റെ അവസാനം ചേർത്തിരിക്കുന്നു: "അവൻ അവന്റെ ആദ്യ ജാതൻ ആക കൊണ്ടും, അവനെ അവൻ സ്നേഹിച്ചതുകൊണ്ടും, തന്റെ മകൻ അമ്നോന്റെ ഹൃദയത്തെ അവൻ വേദനിപ്പിച്ചില്ല" (എൻഇബി നോക്കുക). [16]യഥാർത്ഥ സ്ഥാനനിർണ്ണയം അറിയില്ല. ചിലർ വിചാരിക്കുന്നത് അത് യെരുശലേമിന് ഏതാണ്ട് പന്ത്രണ്ടു മൈൽ വടക്കുമാറിയായിരുന്നു എന്നാണ്. [17]1 ശമുവേൽ 25–ലെ ദാവീദിന്റെയും നാബാലിന്റെയും സംഭവം ഓർമ്മിക്കുക. [18]പഴയ നിയമത്തിന്റെ ആദ്യ ഗ്രീക്ക് വേർഷനും മറ്റു പല തർജ്ജിമകളും 2 ശമുവേൽ 13:27–ന്റെ അവസാനം ചേർത്തിരിക്കുന്നു: "ഒരു രാജാവിന്റെ വിരുന്നുപോലെ, അബ്ശാലോം ഒരു വിരുന്നൊരുക്കി" (എൻഇബി നോക്കുക). [19]എൻഎഎസ്ബി യിൽ "അർജ്ഡ്," എന്ന് ഈ കുറിപ്പോടെ

കൊടുത്തിരിക്കുന്നു: "ലിറ്റ്., *ബ്രോക്ക് ത്രൂ."* അബ്ശാലോം ദാവീദിന്റെ പ്രതിരോധങ്ങളെ ചെറുത്തു. [20]അവർ അവരുടെ കഴുതപ്പുറത്തുകയറിയാണ് ഓടി പോയത്. അത് ദാവീദിന്റെ സാമ്രാജ്യത്തിലെ സാധാരണ രാജകീയ മലകയറ്റമായിരുന്നു (2 ശമുവേൽ 18:9; 1 രാജാക്കന്മാർ 1:33, 38, 44).

[21]രണ്ട് ശമുവേൽ 13:37 പറയുന്നു, "ദാവീദ് ദിവസം തോറും തന്റെ മകനെ ചൊല്ലി വിലപിച്ചു." "മകൻ" എന്നിവിടെ പറഞ്ഞത് ഒരുപക്ഷെ അമ്നോനാകാം (വാ. 39-ന്റെ അവസാനം നോക്കുക). [22]ഗിലയാദിനുവടക്കോട്ട്, സിറിയക്കും യിസ്രായേലിനും ഇടയ്ക്കുള്ള സ്ഥലമായിരുന്നു ഗെശൂർ (2 ശമുവേൽ 3:3; 15:8). അത്, എങ്ങനെയായാലും, അപ്പോഴും ദാവീദ് വാണിരുന്ന പ്രദേശമായിരുന്നു. ദാവീദിന് തന്റെ മകനെ അന്വേഷിക്കുവാനോ, തിരിച്ചുകൊണ്ടുവരുവാനോ, ശിക്ഷിക്കുവാനോ ഒന്നിനും ഒരു തടസ്സവുമില്ലായിരുന്നു. [23]അടുത്ത അദ്ധ്യായത്തിന്റെ വാക്യം 1 നോക്കുക (2 ശമുവേൽ 14:1). [24]അബ്ശാലോം മൂന്നാമത് - ജനിച്ചവനായിരുന്നു, എന്നാൽ രണ്ടാമത് - ജനിച്ചതായ, കിലയാബിനെ കുറിച്ചോ (2 ശമുവേൽ 3:3) ദാനിയേലിനെ കുറിച്ചോ (1 ദിനവൃത്താന്തം 3:1), അധികമൊന്നും പറയാത്തതുകൊണ്ട് അവനു എന്തോ സംഭവിച്ചു എന്നാണ് അനേകം പേർ കരുതുന്നത് (ഒരുപക്ഷെ അവൻ പിറവിയിൽ മരിച്ചുപോയിരിക്കാം), അങ്ങനെ രാജാവിന്റെ ജീവിക്കുന്ന മക്കളിൽ മൂത്തവനായി തീർന്നു അബ്ശാലോം. [25]യോവാബ് ഇതു ചെയ്യുവാൻ ഒരു പടി കൂടെ കടക്കേണ്ടി വന്നു. ഊരീയാവിനെ കൊന്നതു ദാവീദിന്റെ തലയിൽ കൊണ്ടു വയ്ക്കാൻ അവനു സാധിച്ചുവെങ്കിലും, അവൻ സ്പഷ്ടമായി അപ്പോഴും അനുകൂലമായ ഫലം ഉണ്ടാകുന്നതുവരെ ഭയന്നിരുന്നു. 2 ശമുവേൽ 14:22-ലെ അവന്റെ ആശ്വാസം നോക്കുക. [26]ബേത്ലഹേമിന്റെ തെക്കുഭാഗത്തായി, ഏതാനും മൈലുകൾക്കപ്പുറം സ്ഥിതിചെയ്ത തെക്കോവയിൽ നിന്നുള്ളതായിരുന്നു ആ സ്ത്രീ (ആമോസ് 1:1 നോക്കുക). [27]നാഥാന്റെ പെണ്ണാടിന്റെ സംഭവത്തേക്കാൾ കൂടുതൽ സങ്കീർണ്ണമായിരുന്നു ഇത്. അതിൽ, ഒരു വശത്ത് ഉൾപ്പെട്ടിരുന്നത്, ന്യായപ്രമാണ കല്പനയായ "കണ്ണിനുപകരം കണ്ണ്," എന്നാൽ, മറുവശത്ത്, ദേശം ആദ്യ ഉടമസ്ഥർക്കുതന്നെ കൊടുക്കുക എന്ന ദൈവത്തിന്റെ ആഗ്രഹമാണ് ഉണ്ടായിരുന്നത്. ആ സ്ത്രീ അന്തർലീനമാക്കിയത് അവളൊഴിച്ച് ആ കുടുംബത്തിലെ മറ്റെല്ലാവരും നീതി നടപ്പാക്കുന്നതിനെക്കാൾ അവളുടെ സ്വത്ത് പിടിച്ചെടുക്കുന്നതിൽ താല്പര്യപ്പെട്ടിരുന്നു എന്നാണ്. ഏക അവകാശിയായി അവശേഷിക്കുന്ന, അവളുടെ മകനെ സംരക്ഷിക്കേണ്ടത്, അവളുടെ അവകാശം സൂക്ഷിക്കുന്നതിനു ആവശ്യമാണ് എന്നായിരുന്നു അവളുടെ പോയിന്റ്. സൂചന എന്തെന്നാൽ ദാവീദു യിസ്രായേലിന്റെ സിംഹാസനത്തിനു സ്പഷ്ടമായ-അവകാശിയായ: അബ്ശാലോമിനോടു ക്ഷമിക്കുകയും വേണമെന്നാണ്. 2 ശമുവേൽ 14:14-ന്റെ അവസാനഭാഗത്തുള്ള അവളുടെ പ്രസ്താവന ദൈവത്തിന്റെ മുഖ്യ സ്വഭാവം കരുണയാണെന്ന് ഉറപ്പിക്കുന്നു. [28]ദാവീദിന്റെ അഭിപ്രായങ്ങൾ അബ്ശാലോമിന് മനസ്സിലായിരുന്നു (2 ശമുവേൽ 14:32). [29]അമേരിക്കയിൽ പ്രൊഫഷണൽ കായിക താരങ്ങൾ അവർ ഉപയോഗിക്കപ്പെടാത്ത സമയത്ത് ഭീഷണി ഉയർത്താറുണ്ട്, "എന്നെ കളിക്കുവാൻ കൂട്ടുക അല്ലെങ്കിൽ എന്നെ വിൽക്കുക!" [30]എന്റെ ഭാഗ്യം ദൂരെ എറിഞ്ഞുകളഞ്ഞു എന്ന് യോവാബ് ഒരുപക്ഷെ ചിന്തിച്ചിരിക്കാം.

[31]ശ്രദ്ധ തങ്ങളിലേക്കു തിരിക്കുവാൻ മോശമായ കാര്യങ്ങൾ ചെയ്യുന്ന കുട്ടികളെ എനിക്കറിയാം; ഒരുപക്ഷെ നിങ്ങൾക്കുമറിയാമായിരിക്കും. [32]രണ്ടു ശമുവേൽ 15:7-ൽ "നാല്പതു സംവത്സരങ്ങൾ" എന്നാണുള്ളത്, എന്നാൽ ചില പുരാതന തർജ്ജിമകളിലും ജോസെഫസിലും ഉള്ളത് "ഫോർ" എന്നാണ്. ഇതായിരിക്കാം ഒരുപക്ഷെ കൃത്യമായ സംഖ്യ (എൻഎഎസ്ബിയിലെയും എൻഐവിയിലെയും കുറിപ്പു നോക്കുക).

എങ്ങനെയായാലും, ചിലർ വിചാരിക്കുന്നത്, നാല്പതു വർഷത്തിന് മറ്റൊരു സൂചന യുണ്ടെന്നാണ്, ഒരുപക്ഷെ ദാവീദ് ശമുവേലിനാൽ അഭിഷിക്തനായതുമുതലുള്ള നാല്പ തുവർഷം ആയിരിക്കാം. [33]2 ശമുവേൽ 15:6, 12. ദാവീദ് രാജ്യത്തിനുവേണ്ടി ചെയ്തതെല്ലാം ഒരാൾ പരിഗണിക്കുമ്പോൾ ("അടിയിൽ തട്ടാതെ എങ്ങനെ മുകളിലെത്താം" എന്നതിനെ കുറിച്ചുള്ള പാഠം ഈ പുസ്തകത്തിൽ ആദ്യം കൊടുത്തിരിക്കുന്നത് നോക്കുക), അബ്ശാലോമിനു ഇതു ചെയ്യുവാൻ സാധിക്കുമായിരുന്നു എന്നത് അതിശയിപ്പിക്കുന്നു. ബത്ത്-ശേബയുമായി ബന്ധപ്പെടുന്നതിനുമുൻപ് ആയിരുന്ന ദാവീദല്ല പിന്നീടുണ്ടായത് എന്ന് ഒരാൾക്ക് തീർച്ചയാക്കാം. [34]രേഖകൾ അനുസരിച്ച്, രാജകുടുംബത്തിൽ അബ്ശാലോം ആയിരുന്നു രഥങ്ങളും കുതിരകളും ആദ്യമായി ഉപയോഗിച്ചത്. ഇതു സംഭവിക്കും എന്ന് ശമുവേൽ മുന്നറിയിച്ചിരുന്നു (1 ശമുവേൽ 8:11). [35]2 ശമുവേൽ 18:18. ശൗൽ ഇതേ പോലെതന്നെ നേരത്തെയും ചെയ്തിട്ടുണ്ട് (1 ശമുവേൽ 15:12). എവിടെയാ യിരുന്നു "രാജാവിന്റെ താഴ്‌വര" എന്നു നമുക്ക് ഉറപ്പില്ല. അതു ഒരുപക്ഷെ യെരുശലേ മിനു അടുത്തായിരുന്നേക്കാം. [36]തന്റെ പേരിന്റെ ഓർമ്മ നിലനിർത്തുകയായിരുന്നു ഉദ്ദേ ശമെന്ന് അബ്ശാലോം പറഞ്ഞിരുന്നു. എങ്ങനെയായാലും, അവൻ അതു, തന്റെ ജീവി തകാലത്ത് ചെയ്തതുകൊണ്ടു, ഉടനെ ലഭിച്ച ഫലം പ്രചാരമായിരുന്നു. ഇത് ഒരു പര സ്യബോർഡ് വക്കുന്നതിന് സമാനമായിരുന്നു പണ്ട്. വാക്യം പറയുന്നത് നോക്കുക, "എനിക്ക് പുത്രൻ ഇല്ല" (2 ശമുവേൽ 18:18). അബ്ശാലോമിന്റെ മക്കളെ കുറിച്ചു മുൻപ് പറയുകയുണ്ടായി (2 ശമുവേൽ 14:27); സ്പഷ്ടമായും എല്ലാവരും ജനനസമയത്തോ അല്ലെങ്കിൽ പിന്നീടോ മരിച്ചുപോയി. [37]അബ്ശാലോമിന്റെ പ്രവൃത്തികളിൽ ചിലതെങ്കിലും ദാവീദ് അറിയാതിരുന്നിരിക്കയില്ല ... എന്നാൽ വീണ്ടും ദാവീദ് ഒന്നും ചെയ്തില്ല. [38]ദേ വാലയം പണിയുന്നതുവരെ യാഗങ്ങൾ അർപ്പിക്കുവാൻ അനുവദിച്ചിരുന്നത് "ഉയർന്ന സ്ഥലങ്ങളിൽ" ആയിരുന്നു. അബ്ശാലോം ഹെബ്രോനിൽ ജനിച്ചതുകൊണ്ട്, അവിടെ പോയി യാഗം കഴിക്കുക എന്നത് അവനു യുക്തിപരമായി തോന്നിയിരിക്കാം. [39]യഥാർത്ഥ ഉദ്ദേശത്തെ മറക്കുവാൻ ഭക്തിയെന്ന പ്രകടനം ഉപയോഗിച്ചതിൽ ആദ്യ ത്തേതും അവസാനത്തേതും അബ്ശാലോം ആയിരുന്നില്ല. അവൻ ഹെബ്രോനിൽ എത്തിയശേഷവും, തന്റെ നാട്യം തുടർന്നു (2 ശമുവേൽ 15:12) അതേ സമയം ഗൂഢാ ലോചന വർദ്ധിക്കുകയും ചെയ്തിരുന്നു. [40]അബ്ശാലോം തന്റെ യാത്രയെ സംബ ന്ധിച്ചുള്ള ഉദ്ദേശങ്ങളെ കുറിച്ചു മുൻപും കള്ളം പറഞ്ഞിരുന്നു (2 ശമുവേൽ 13:23 –27), എന്നാൽ ദാവീദ് അത് ഓർമ്മിച്ചില്ല എന്നു തോന്നുന്നു.

[41]രണ്ടു ശമുവേൽ 15:10 പറയുന്നു അത് സംഭവിക്കേണ്ടിയിരുന്നു; വാക്യം 13–ൽ അതു നടന്നതായി സൂചിപ്പിക്കുന്നു. രണ്ടു ശമുവേൽ 19:10 പറയുന്നു അവർ അബ്ശാലോമിനെ രാജാവായി "അഭിഷേകം ചെയ്തു," അങ്ങനെ ചില രീതിയിൽ കിരീടധാരണത്തിന്റെ ആഘോഷം നടന്നിരുന്നു. [42]2 ശമുവേൽ 15:12. ഇപ്പോൾ ആദ്യ മായാണ് അഹീഥോഫെലിനെ കുറിച്ചു നാം വായിക്കുന്നത്, എന്നാൽ സ്പഷ്ടമായും അവന്റെ ഉപദേശം ദാവീദ് ചോദ്യം ചെയ്യാതെ വിശ്വസിച്ചിരുന്നു (വാ. 31). അഹീഥോ ഫെൽ ബത്ത്ശേബയുടെ വല്യപ്പനായിരുന്നു (2 ശമുവേൽ 11:3–നെ 23:34–നോടുകൂടെ വക്കുക). ഒരുപക്ഷെ ദാവീദ് ബത്ത്ശേബയോടും ഊരീയാവിനോടും ചെയ്തതിന്റെ നീരസം അഹീഥോഫെൽ വെച്ചുപുലർത്തിയിരുന്നേക്കാം. [43]പട്ടണം വിട്ടുപോകുവാ നുള്ള ദാവീദിന്റെ തീരുമാനം ഒരു ബുദ്ധിയുള്ള യോദ്ധാവിന്റേതായിട്ടാണ് ചിലർ കാണുന്നത്. ഒരുപക്ഷെ, തന്റെ ജീവിതത്തിലെ ആ പ്രധാനപ്പെട്ട സമയത്തു, ദാവീദ് പ്രവർത്തിക്കുന്നതിനെക്കാൾ സംഭവിച്ചതിനോടു പ്രതികരിക്കുന്നവനായി എന്ന വസ്തുത അപ്പോഴും നിലനില്ക്കുന്നു. [44]ശേബാ പിന്നീടു മത്സരിച്ചപ്പോൾ "യിസ്രാ യേലിലെ സകല പുരുഷന്മാരും ... ശേബയെ പിൻപറ്റി," എന്നാൽ ദാവീദ് പട്ടണം

വിട്ട് ഓടി പോയില്ല എന്നതു ശ്രദ്ധിക്കുക (2 ശമുവേൽ 20:2). [45]"നിന്റെ അപ്പനോടു നീ വെറുപ്പുണ്ടാക്കിയത് എല്ലാ യിസ്രായേല്യരും കേട്ടിരിക്കുന്നു" എന്ന വാക്കുകളുടെ പുറകിലുള്ള ആശയം ഇതാണ്. ഒരുപക്ഷെ അബ്ശാലോം ദാവീദിനോടു നിരന്നേക്കുമോ എന്നു ചിലർ ഭയന്നിരുന്നേക്കാം (മുൻപിലത്തെ പോലെ); പിന്നെ ഗൂഢാലോചനക്ക് അവർ ശിക്ഷിക്കപ്പെടുകയും ചെയ്തേക്കാം. ദാവീദിന്റെ വെപ്പാട്ടികളുടെ അടുക്കലേക്ക് പോയതിനാൽ, ഇനി നിരപ്പിനു അവസരമില്ല എന്ന് അബ്ശാലോം കാണിക്കയായിരുന്നു. [46]അബ്ശാലോമിന്റെ പ്രവൃത്തികൾ രാഷ്ട്രീയ കീഴ്‌വഴക്ക പ്രകാരമായിരുന്നേക്കാം, പക്ഷെ അവൻ ചെയ്തത് നിയമത്തിനെതിരായിരുന്നു (ലേവ്യാപുസ്തകം 18:7, 8; 20:11). [47]പിന്നീട് മറ്റൊരു മകൻ മത്സരിച്ചു, എന്നാൽ ഈ സമയത്ത് അവൻ അതു ചെയ്തില്ല. [48]പിന്നീടു ഈ പാഠത്തിൽ വരുന്ന "ദൈവത്തിന്റെ അച്ചടക്കം കൃപയോടുകൂടെ സ്വീകരിക്കൽ" എന്നതിലെ പ്രയോഗമായ "എഫ്രെയിമിലെ വനങ്ങൾ" എന്നതിനെ കുറിച്ചുള്ള കുറിപ്പുകൾ നോക്കുക. [49]അബ്ശാലോമിന്റെ മുടി എങ്ങനെ ശാഖകൾക്കിടയിൽ കുരുങ്ങി എന്നതിനെ കുറിച്ച് ജോസെഫസ് ഒരു ചിത്രീകരണ വിവരണം എഴുതുകയുണ്ടായി. [50]വൃക്ഷത്തിന്റെ കൊമ്പുകൾക്കിടയിൽ അവന്റെ തല ഞെരുങ്ങിയപ്പോൾ, അവന്റെ ബോധം നഷ്ടമാകുകയും അതിനാൽ തന്നെ അതിൽ നിന്നു രക്ഷിക്കുവാൻ ശ്രമിക്കാതിരിക്കയും ചെയ്തു എന്നും പറയപ്പെടുന്നുണ്ട്.

[51]"ഹൃദയം" എന്ന് സൂചിപ്പിച്ചത് (2 ശമുവേൽ 18:14) രക്തം പ്രവഹിപ്പിക്കുന്ന പേശികൾ ആയിരിക്കയില്ല, എന്നാൽ അബ്ശാലോമിന്റെ ശരീരത്തിന്റെ "കേന്ദ്രം" എന്നതിനെ ആയിരിക്കാം. കുറ്റവാളിയുടെ വയറ്റിൽ വാൾ താഴുന്നതായ അനേകം ഉദാഹരണങ്ങൾ നാം കണ്ടു കഴിഞ്ഞു. [52]അബ്ശാലോമും ദാവീദും നിങ്ങളുടെ ഓരോ വശത്തും നിൽക്കുന്നതായി നടിക്കുക, ഓരോ കൈ കൊണ്ടും അവരെ തലോടുന്നതായും കാണിക്കുക.